പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ജൂൺ 2023






SAMSUNG

mi Redmi



DELL acer hp

intel Leap ahead





SUPERIOR QUALITY
EXCELLENT SERVICE

the digital mart
SkyLine COMPUTERS
Aramanapady, Changanacherry - 686 101
94464 35172, 94474 55172
www.skylinecomputers.in

EMI FACILITY
LAPTOPS | SMART PHONES
DIGITAL GADGETS

Desktops | CCTV Cams | Projectors | Printers | Smart Watches

പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

## താളുകൾ മറിക്കുമ്പോൾ


മുഖമൊഴി 05



06 വികാരിയച്ചന്റെ സന്ദേശം



പ്രപഞ്ച സൃഷ്ടികളിലൂടെ സ്രഷ്ടാവിലേക്ക്... 08



10 കേരളസഭാ നവീകരണവും കുര്യാളശ്ശേരി പിതാവും



മിശിഹായിൽ എല്ലാം നവീകരിച്ച ഇടയപുത്രൻ 15



19 ശില്പകലയിലെ പെൺ തിളക്കം



വിശുദ്ധി 29





ജൂൺ 2023
ലക്കം 6
വാല്യം 8

*മാനേജിംഗ് എഡിറ്റർ:*
വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ
9447359521

*ചീഫ് എഡിറ്റർ:*
റവ. ഫാ. വർഗീസ് പുളിക്കപ്പടവിൽ
9074728504

*എക്സി. എഡിറ്റേഴ്സ്:*
റവ. ഫാ. ആന്റണി (ലിപിൻ) തുണ്ടുകളം
9645607825
റവ. ഫാ. സേവ്യർ (ജസ്റ്റിൻ)
പുത്തൻപുരച്ചിറ തൈക്കളം
8330077541

*കൈക്കാരന്മാർ:*
ടോമിച്ചൻ അയ്യരുകുളങ്ങര
ജോസഫ് എ.ജെ. ആലഞ്ചേരി
ബാബു കളീക്കൽ

*കമ്മറ്റിയംഗങ്ങൾ:*
വിന്നി ജോർജ്ജ് കല്ലൂക്കളം
സൈബി അക്കര
സി. മരിയ SABS
ജോമി കാവാലംപുതുപ്പറമ്പിൽ
ജിജി മുളയക്കൽ
നവീൻ വെട്ടുവഴി
എബിൻ ആറുപറയിൽ
മാർട്ടിൻ പുല്ലുകാട്ടുപറമ്പിൽ
സജി ഇളംകുളം

*പാരിഷ് കൗൺസിൽ സെക്രട്ടറി:*
സോണി കരിമറ്റം

Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com

# അഭിനന്ദനങ്ങൾ



ശില്പകലയിൽ
കേരള ലളിതകലാ അക്കാദമി അവാർഡ്
സ്വന്തമാക്കിയ
**ഹെൽന മെറിൻ ജോസഫിന്**
ഇടവക കുടുംബത്തിന്റെ
അഭിനന്ദനങ്ങൾ...



എസ്.ബി. കോളജ്
വൈസ് പ്രിൻസിപ്പാളായി നിയമിതനായ
**ബഹു. സോണി കണ്ടങ്കരി സാറിന്**
ഇടവക കുടുംബത്തിന്റെ
അഭിനന്ദനങ്ങൾ...

# പ്രാർത്ഥനാശംസകൾ







വൈദികവസ്ത്രം സ്വീകരിച്ച ബഹു. ബ്രദർ ജോസഫ് വട്ടക്കളത്തിനും
കാറോയ സ്വീകരിച്ച ബഹു. ബ്രദർ ചെറിയാൻ അഴീപ്പറമ്പിലിനും
ഹെവ്പ്പദ്യാക്കൂനുസ സ്വീകരിച്ച ബഹു. ബ്രദർ റൊമാരിയോ
ഇടശ്ശേരിപ്പറമ്പിലിനും
ഇടവക കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ...

# മുഖമൊഴി

ഈശോയിൽ ഏറെ സ്നേഹം നിറഞ്ഞവരേ,

മിശിഹായിൽ എല്ലാം നവീകരിക്കുക എന്ന ആപ്തവാക്യത്തിന് ജീവിതം കൊണ്ട് സാക്ഷ്യം നൽകി അജപാലന മേഖലയിൽ ദൈവത്തിന്റെ കൈയ്യൊപ്പ് പകർത്തിയ ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ 98-ാം ചരമവാർഷികാചരണദിനങ്ങളിലാണ് നാം. വ്യക്തിയും കുടുംബവും സമൂഹവും മിശിഹായിൽ നവീകരിക്കപ്പെടുവാൻ ആഗ്രഹിച്ച ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ മാധ്യസ്ഥ്യം നമ്മുടെ ജീവിത വഴികളെ പ്രകാശിതമാകട്ടെ.

പുത്തൻ പ്രതീക്ഷകളും പുത്തൻ തീരുമാനങ്ങളുമായി പുതിയൊരു അധ്യയനവർഷത്തിലേക്ക് നാം കടക്കുകയാണല്ലോ. ലഹരിയുടെ അടിമത്തത്തിലമർന്ന ഒരു തലമുറയുടെ ക്രൂരതയിൽ ജീവൻ വെടിഞ്ഞ ഡോ. വന്ദനാ ദാസിനെ പോലെയുള്ളവരുടെ ചിത്രവും പകർച്ചവ്യാധികളോടും വന്യമൃഗങ്ങളോടും പടപൊരുതി ജീവിതം കരുപ്പിടിപ്പിക്കാൻ ശ്രമിക്കുന്ന പാവപ്പെട്ട കർഷകർക്ക് ജീവൻ ഹോമിക്കേണ്ടി വന്നിട്ടും നിശബ്ദരായി മാറുന്ന അധികാരവർഗ്ഗത്തിന്റെ നിസ്സംഗതയും ഭീതിയുടെ നിഴൽ നമുക്ക് മുൻപിൽ തെളിയിക്കുന്നുണ്ട്. എങ്കിലും മൂല്യങ്ങളെയും വിശ്വാസത്തെയും വിലമതിക്കുന്ന ഒരു തലമുറ നമ്മുടെ മുമ്പിലുണ്ട് എന്നത് ഒരു ആശ്വാസം തന്നെ. കാലത്തിന്റെ ചുവരെഴുത്തുകൾക്കൊപ്പം നീങ്ങുന്ന നമ്മുടെ ബാല്യകൗമാരങ്ങളെക്കുറിച്ച് നമുക്ക് ഏറെ കരുതലുള്ളവരാകാം. സഭയുടെയും സമൂഹത്തിന്റെയും ഭാവി വരുംതലമുറയുടെ പക്കൽ സുരക്ഷിതമാവട്ടെ. ഏവർക്കും പുതിയ അധ്യയനവർഷത്തിൽ എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.



സ്നേഹപൂർവ്വം,

**ഫാ. വർഗീസ്**
**പുളിക്കപ്പടവിൽ**
ചീഫ് എഡിറ്റർ



## വികാരിയച്ചന്റെ സന്ദേശം

# മാർ കുര്യാളശ്ശേരി: ധന്യതയുടെ പാഠപുസ്തകം

**ധന്യജീവിതത്തിന്റെ** പൊൻവെളിച്ചംകൊണ്ട് ഒരു കാലഘട്ടത്തെ ആകെ പ്രശോഭിച്ചു കടന്നുപോയ വന്ദ്യ കുര്യാളശ്ശേരി പിതാവിന്റെ സ്മരണ നാം ആചരിക്കുകയാണല്ലോ. 'ദൈവസന്നിധിയിൽ മധ്യസ്ഥരായ വിശുദ്ധാത്മാക്കൾ ആധുനികലോകത്തിൽ വിശ്വാസികൾക്ക് റോൾമോഡലുകൾ കൂടിയാണ്' എന്ന് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ പ്രസ്താവിക്കുന്നുണ്ടല്ലോ. അനിതരസാധാരണമായ ജീവിതവിശുദ്ധിയും തികഞ്ഞ കർമ്മകുശലതയും കൊണ്ട് സുരഭിലമായ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. സ്വജീവിതംകൊണ്ട് നമുക്ക് പഠിക്കാൻ ഏറെ പാഠങ്ങൾ പറഞ്ഞുതന്ന ഒരു വന്ദ്യപിതാവായിരുന്നു അദ്ദേഹം.

1. ജീവിതവിജയത്തിന്റെ, നവീകരണത്തിന്റെ ആധാരശില ഒന്നാമതായി മിശിഹായിൽ ആണ് എന്ന് അദ്ദേഹം പഠിപ്പിച്ചു. 'ക്രിസ്തുവിൽ എല്ലാം നവീകരിക്കുക' എന്നതായിരുന്നു അദ്ദേഹത്തിന്റെ മോട്ടോ. സമ്പൂർണ്ണ ക്രിസ്തുകേന്ദ്രീകൃതമായ ഒരു ജീവിതമാണ് ക്രിസ്തീയ ജീവിതത്തെ ധന്യമാക്കുന്നത് എന്ന് അദ്ദേഹം സ്വജീവിതത്തിലൂടെ പഠിപ്പിച്ചുതന്നു. മിശിഹായിൽ സർവ്വവും നവീകരിക്കണമെങ്കിൽ വിശ്വാസ ജീവിതത്തിൽ അഗാധമായ അറിവ് നേടേണ്ടതുണ്ട്. അത് സംലഭ്യമാക്കുവാനാണ് അദ്ദേഹം വേദപാഠശാലകൾ സ്ഥാപിച്ചത്. സ്കൂളുകളും സേവന സ്ഥാപനങ്ങളും പടുത്തുയർത്തുമ്പോഴും അവയിലൂടെ ക്രിസ്തീയ വിശ്വാസ സത്യങ്ങൾ കൂടുതൽ വിളംബരം ചെയ്യുവാൻ ഇടയാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. വിശ്വാസ സത്യങ്ങൾ പഠിക്കുകയും ധ്യാനിക്കുകയും

വേണം എന്ന് അദ്ദേഹം ആവശ്യപ്പെട്ടു. 'ധ്യാനം കൂടാതെ സാക്ഷാൽ ക്രിസ്തീയജീവിതം കഴിക്കുന്നതിന് സാധിക്കുകയില്ല. ജീവസന്ധാരണത്തിന് വായു അത്യന്താപേക്ഷിതമായിരിക്കുന്നതുപോലെ ആധ്യാത്മിക ജീവിതം സംരക്ഷിക്കുന്നതിന് ധ്യാനം സകല മനുഷ്യർക്കും അത്യാവശ്യമാകുന്നു.' (മെയ് 13,1923). അദ്ദേഹത്തിന്റെ ദിവ്യകാരുണ്യോപാസനയും പ്രാർത്ഥനാ ജീവിതവും ക്രിസ്തീയതയിൽ ആന്തരിക ജീവിതത്തിന്റെ പ്രാധാന്യം എടുത്തുകാട്ടി.

2. വിദ്യാഭ്യാസ മേഖലയുടെ നവീകരണം ആയിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞ മറ്റൊരു മേഖല. ഇന്നേക്ക് 100 കൊല്ലം മുമ്പ് എസ്.ബി. കോളജിന്റെ സ്ഥാപനത്തിലൂടെ മധ്യതിരുവിതാംകൂറിന്റെയും കേരളത്തിന്റെ തന്നെയും ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുതിയ ഒരു കാൽവെപ്പ് നടത്തുകയായിരുന്നു അദ്ദേഹം. വളരെ ചെറുപ്പത്തിലെ റോമിൽ ഉന്നത വിദ്യാഭ്യാസം നേടിയ അദ്ദേഹം ഉന്നതവിദ്യാഭ്യാസത്തിലൂടെ സാംസ്കാരിക നവോത്ഥാനത്തിന് വഴിതെളിക്കേണ്ടത് എങ്ങനെയാണ് എന്ന് കാണിച്ചുതന്നു. കോളേജും നിരവധി സ്കൂളുകളും സ്ഥാപിക്കുകവഴി അറിവിന്റെ ഉന്നതതലങ്ങളിലേക്ക് ഒരു തലമുറയെ മുഴുവനും ആനയിക്കുവാൻ ആ മഹാത്മാവിനു സാധിച്ചു.

3. സാമൂഹിക തിന്മകൾക്കെതിരെയുള്ള മുന്നേറ്റം ആയിരുന്നു അദ്ദേഹത്തിന്റെ മറ്റൊരു സേവനമേഖല. മദ്യവും, ദുർവ്യയവും, വ്യവഹാരങ്ങളും അസാന്മാർഗിക കലകളും മനുഷ്യമഹാത്മ്യം ഇടിച്ചുതാഴ്ത്തുമെന്നു പഠിപ്പിച്ചുകൊണ്ടുള്ള സാംസ്കാരിക സംശുദ്ധീകരണത്തിനും അദ്ദേഹം മുന്നിട്ടിറങ്ങി.

അങ്ങനെ സന്മാതൃകകൊണ്ടും സദുപദേശങ്ങൾകൊണ്ടും തലമുറകളെ പഠിപ്പിച്ച ആ വന്ദ്യപിതാവിൽ നിന്ന് നമുക്കും ഏറെ പഠിക്കാൻ ഉണ്ട്.

**ഫാ. ജോസ് കൊച്ചുപറമ്പിൽ** (വികാരി)

## നന്ദി...



**മതാധ്യാപികയായും സൺഡേസ്കൂൾ**
**സ്റ്റാഫ് സെക്രട്ടറിയായും**
**സേവനം ചെയ്തതിനുശേഷം**
**മിഷൻ പ്രവർത്തനത്തിനായി യാത്രയായ**
**ബഹു. ക്ലാരിസ് സി.എം.സി.ക്ക്**
**കത്തീഡ്രൽ ഇടവകയുടെ**
**നന്ദിയും പ്രാർത്ഥനയും...**

# ധന്യൻ കുര്യാളശ്ശേരി പിതാവ്

## പ്രപഞ്ചസൃഷ്ടികളിലൂടെ സ്രഷ്ടാവിലേക്ക്...



റവ. സി. സിൽവി SABS

**ശതോത്തര** സുവർണജയന്തി വത്സരത്തിൽ
ധന്യനാം വന്ദ്യ കുര്യാളശ്ശേരി പിതാവിന്
നേരുന്നാരാധനാവനിയിലെ നറുസുമങ്ങൾ
പുണ്യപരിമള പുഷ്പങ്ങളാം സുകൃതമജ്ജരി

ചരിത്രപ്രസിദ്ധമാം കുട്ടനാടിൻ ചെറുഗ്രാമം
ചമ്പക്കുളം പമ്പയാറിൻ മനോഹരതീരം
ചാക്കോച്ചനും അക്കാമ്മയ്ക്കും ആറാമതായൊരോമൽ
ചമ്പക്കുളത്തിൻ അഭിമാനം രാജയോഗവും

പ്രപഞ്ചനാഥനിലിലേക്കു മനമുയർത്തി
പ്രകൃതിസ്നേഹിയായ് ധ്യാനനിരതനായ്
പ്രചോദനാത്മകമാണെന്നുമീ പുണ്യജീവിതം

ഉണരുമീ പ്രശാന്തമാം പൊന്നുഷസ്സിലെന്നും
ഉദയസൂര്യനോടൊപ്പം ഉണർന്നെണീറ്റ്
ഉയിരിൻ നാഥനോടൊത്തു ബലിവേദിയിൽ
ഉടയവനിലർപ്പിച്ചു ഹൃദയാഭിലാഷങ്ങളെല്ലാം

അഞ്ചാം വയസ്സിൽ അൾത്താരശുശ്രൂഷകനായ്
അനുദിനം ദിവ്യബലിയിൽ പങ്കുചേർന്നു
അഭിക്ഷിക്തനായ് നവവൈദികനാകുവോളം
അവിരാമമായ് തുടർന്നെന്നുമീ പൂജാർപ്പണം

ആറ്റുതീരത്തെ മരച്ചില്ലയിലിലകളെണ്ണി
നന്മനിറഞ്ഞ മറിയം ജപമാല മന്ത്രം ജപിച്ച്
കുഞ്ഞോളങ്ങളിലൊഴുകി അദൃശ്യമാകുമൊര
തളിരിലകളോരോന്നും മണിമുത്തുകളാക്കി മാറ്റി

പ്രകൃതിയിൽ കാണും പ്രതിഭാസങ്ങളെല്ലാം
പ്രപഞ്ചനാഥനിലേക്കൊരു ദർപ്പണമായ്
സൂര്യാസ്തമനത്തിൽ പ്രഭമങ്ങി മറഞ്ഞിടുംപോൽ
നശ്വരമീ ലോകത്തിൽ ക്ഷണികത തൊട്ടറിഞ്ഞു.

രക്തവർണ്ണമരം ചെമ്പരത്തിപൂവിലും
തിരുഹൃദയത്തിൻ ദിവ്യസ്മരണ ഉണരണം
കോഴി വെള്ളംകുടിച്ചു തലയുയർത്തുംപോൽ
ഹൃദയം ഉയർത്തണം ദൈവസന്നിധിയിലേക്ക്

ഘടികാരമൊരു ദൈവൈക്യ പ്രതീകമാക്കി
ഓരോ നിമിഷവും നിത്യത നിത്യതയായെണ്ണി
ടിംടോങ് മണികളെ സുകൃത ജപങ്ങളാക്കി
ആത്മാവിലൊഴുകേണമൊരു താളാത്മക പുണ്യധാര

പുലരിതൻ പൂവിലും പ്രഭാകിരണത്തിലും
പുഴയുടെ കളകളാരവത്തിലും മന്ദമാരുതനിലും
പക്ഷികളുടെ കളകൂജനത്തിലും പുതുഗാനശകലത്തിലും
പരലോകത്തിൻ മനോഹാരിത നുകർന്നിടേണം

വാതായനങ്ങൾ തുറന്നടച്ചീടുമ്പോഴെല്ലാം
ഉണരണം ഉള്ളിലൊരു പ്രാർത്ഥനാമന്ത്രം
തുറക്കേണമേ സ്വർഗ്ഗകവാടമെനിക്കായെന്നും
അടച്ചീടേണമേ നരകവാതിലെൻ മുന്നിലെന്നും
മനുഷ്യപ്രകൃതിക്കതീതരായിയെണ്ണിടേണം
പഞ്ചേന്ദ്രിയങ്ങളടക്കി പാപദോഷം വെടിയണം
സൃഷ്ടാവിലേക്കുയർത്തണം മനമൊരു സ്ഫടികമർപ്പണമായി.





# കേരളസഭാ നവീകരണവും കുര്യാളശ്ശേരി പിതാവും

റവ. സി. റോസ് അൽഫോൻസാ SABS



ചരിത്രത്തിലൂടെയുള്ള സഭയുടെ പ്രയാണത്തിൽ അവൾക്ക് ലഭിച്ചിരിക്കുന്ന ഏറ്റവും വിലയേറിയ സ്വത്താണ് വിശ്വാസികളുടെ സമൂഹത്തിലെ ക്രിസ്തുവിന്റെ രക്ഷാകരസാന്നിദ്ധ്യവും അവരുടെ ആത്മീയ ഭക്ഷണമായ വിശുദ്ധ കുർബാനയും (EDE-9) ക്രിസ്തുവിന്റെ രക്ഷാകരദൗത്യത്തിന്റെ തുടർച്ചയാണ് സഭയുടെ ദൗത്യം. സഭ ദൈവീകവും അതോടൊപ്പം ബലഹീനരായ മനുഷ്യരുടെ കൂട്ടായ്മയും ആയതിനാൽ നിരന്തരം നവീകരണം ആവശ്യമാണെന്നും വ്യക്തികളുടെ ആന്തരീക നവീകരണവും കുടുംബനവീകരണവും കൂടാതെ സഭാനവീകരണം സാദ്ധ്യമല്ലെന്ന് മനസ്സിലാക്കി വിശ്വാസത്തിലധിഷ്ഠിതമായ ഒരു അടിത്തറ പാകുവാൻ ജീവിതം സമർപ്പിച്ച ഒരു അജപാലകനാണ് ധന്യൻ മാർ തോമസ് കുര്യാളശ്ശേരി.

## കുടുംബനവീകരണം

മിശിഹായിൽ എല്ലാം നവീകരിക്കുക എന്ന ആദർശവാക്യം സ്വീകരിച്ചു കൊണ്ട് ഇടയധർമ്മം ഏറ്റെടുത്ത പിതാവ് നവീകരണം ആദ്യമായി നടക്കേണ്ടത് കുടുംബങ്ങളിലാണെന്നും ക്രിസ്തുകേന്ദ്രീകൃതമായ കുടുംബങ്ങൾ സഭയിൽ ഉണ്ടാകണമെന്നും മനസ്സിലാക്കി അതനുസരിച്ച് പദ്ധതികൾ രൂപീകരിച്ചു. മനുഷ്യവംശത്തിന്റെ ഭാവി കടന്നുപോകുന്നതു കുടുംബത്തിലൂടെയാണ്. കുടുംബമാണ് സമൂഹത്തിന്റെ ആരംഭവും അസ്ഥിവാരവും (John Paul II കൂട്ടായ്മ). അതിനാൽ വിശ്വാസത്തെ സംബന്ധിച്ച ബോദ്ധ്യങ്ങൾ ഉറപ്പിക്കണം. മക്കൾ ദൈവത്താൽ മാതാപിതാക്കൾക്ക് ഏൽപ്പിച്ചു കൊടുക്കപ്പെട്ട പണയവസ്തുക്കളാണെന്ന് വിശ്വാസം നമ്മെ പഠിപ്പിക്കുന്നു - PL 28.

## കുടുംബം വിശ്വാസപരിശീലനവേദി

കുടുംബം വിശ്വാസജീവിതത്തിന്റെ പരിശീലനക്കളരിയാണ്. മക്കളെ ആദ്യമായി വിശ്വാസം പഠിപ്പിക്കേണ്ടവരും വിശ്വാസം പ്രസംഗിക്കേണ്ടവരും മാതാപിതാക്കൾ ആയിരിക്കണമെന്നും അവർ സ്വന്തം ജീവിത മാതൃകകൊണ്ട് മക്കളുടെ ക്രിസ്തീയ ജീവിതത്തിന് അടിസ്ഥാനം ഇടണമെന്നും പിതാവ് ഉദ്ബോധിപ്പിച്ചു. കുടുംബമാണ് മനുഷ്യന്റെ പ്രാഥമിക വിദ്യാലയം. കുട്ടികൾ മാതാപിതാക്കളുടെ കൈയ്യിൽ ഇരിക്കുന്ന ഒരു കഷണം മെഴുകുപോലെയാണെന്നും അവരെ തങ്ങളുടെ ഇഷ്ടംപോലെ മാലാഖാമാരായും പിശാചുക്കളായും രൂപപ്പെടുത്താമെന്നും മാതാപിതാക്കൾ അറിഞ്ഞിരിക്കണം (PL 37). കുട്ടികളുടെ നല്ല വളർത്തലും സന്മാർഗ്ഗ ജീവിതവും അനുസരിച്ചായിരിക്കും അടുത്ത തലമുറ എന്ന് അദ്ദേഹം മാതാപിതാക്കളെ അറിയിച്ചു. കുട്ടികളെ സംബന്ധിച്ചുള്ള മാതാപിതാക്കന്മാരുടെ പ്രധാന കടമ അവരെ ദൈവഭയത്തിൽ വളർത്തുക എന്നതാണ്. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും പ്രാർത്ഥനാരൂപിയിലും ജീവിക്കുന്ന കുടുംബം തിരുക്കുടുംബമാണ്.

ഇന്ന് കുടുംബം വളരെയധികം ഭീഷണികളെ നെല്ലുവിളികളെ അഭിമുഖീകരിക്കുന്നുണ്ട്. ഇങ്ങനെയുള്ള അവസരങ്ങളിൽ നമ്മുടെ കുടുംബങ്ങളെ ഈശോയുടെ തിരുഹൃദയത്തിൽ സുരക്ഷിതമാക്കി മറ്റുള്ളവർക്ക് മാതൃകയാണം. കുടുംബജീവിതം നയിക്കുന്നവർ മാത്രമല്ല, സന്യസ്തരും വൈദികരുമെല്ലാം കുടുംബത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ക്രിസ്തുവാകുന്ന അടിത്തറമേൽ അതിനെ പണിതുയർത്താൻ ശ്രമിക്കണം.

## നവീകരണം വിദ്യാഭ്യാസത്തിലൂടെ

മതസംസ്ക്കരണമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് 1918-ൽ നടന്ന അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിൽ പിതാവ് വ്യക്തമാക്കി. ഈ സംസ്ക്കരണം ദൈവത്തെപ്പറ്റിയും ദൈവകല്പനകളെക്കുറിച്ചുമുള്ള ശരിയായ ബോധത്തിൽനിന്നും ലഭിക്കുന്നു. ദൈവഭക്തിയാണ്

ജ്ഞാനത്തിന്റെ ആരംഭം (പ്രഭാ. 1:14). ഒരു ശിശുവിനെ മാന്യനാക്കാനല്ല, മനുഷ്യനാക്കാനാണ് വിദ്യാഭ്യാസം നൽകേണ്ടത്. എന്ന ഹെർബർട്ട് സ്പൻസറിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. ശൈശവത്തിൽത്തന്നെ നട ക്കേണ്ടവഴി പരിശീലിപ്പിക്കുക; വാർദ്ധക്യത്തിലും അതിൽനിന്നും വ്യ തിചലിക്കുകയില്ല (സുഭാ. 22:6). ദൈവവിശ്വാസവും സന്മാർഗ്ഗ നിഷ്ഠയും ഇല്ലാത്ത ഒരാൾക്ക് വിദ്യാഭ്യാസം ലഭ്യമായാൽ അത് ബുദ്ധിഭ്രമമുള്ള ഒരാളുടെ കൈയിലിരിക്കുന്ന ആയുധത്തോട് തുല്യമായി കണക്കാക്കാം. എന്ന് പിതാവ് ഇടയലേഖനത്തിലൂടെ ദൈവജനത്തെ അറിയിച്ചു.

സ്ത്രീ ഒരു സമൂഹത്തിന്റെ സമുദായത്തിന്റെ ശക്തികേന്ദ്രമാണെന്നും ഒരു പെൺകുട്ടിയുടെ വിദ്യാഭ്യാസം ഒരു കുടുംബത്തേയല്ല, ദേശത്തെ മുഴുവൻ ഉദ്ധരിക്കുവാൻ സാധിക്കുമെന്നും മനസ്സിലാക്കി പെൺ പള്ളി ക്കൂടങ്ങൾ പിതാവ് സ്ഥാപിച്ചു. 1922-ൽ കുര്യാളശ്ശേരി പിതാവിനാൽ ആരംഭിക്കപ്പെട്ട സെന്റ് ബെർക്കുമാൻസ് കോളേജ് തലമുറകൾക്ക് വി ദ്യയുടെ വെളിച്ചവും വികസനത്തിന്റെ നേട്ടവും നൽകിക്കൊണ്ട് കേര ളത്തിലെ ഒരു പ്രധാന കലാലയമായി നിലകൊള്ളുന്നു.

സ്ത്രീ ഓരോ കുടുംബത്തിലും ആത്മീയതയുടെ കെടാവിളക്കായി മാറുമ്പോൾ ഭവനങ്ങളും കരകളും പ്രകാശിതമാകും എന്ന ബോദ്ധ്യം പിതാവിനുണ്ടായിരുന്നു. ജാതിമത വർഗ്ഗചിന്തകൾക്കതീതമായ സാമൂ ഹ്യ വ്യവസ്ഥിതി സംജാതമാക്കുവാനും താഴ്ന്ന വർഗ്ഗക്കാരോട് കാണി ക്കുന്ന വിവേചനം സമൂഹത്തിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യുവാനും വിദ്യാഭ്യാസത്തിലൂടെ സാധിക്കണമെന്ന് പിതാവ് വിശ്വസിച്ചു.

## മതബോധനം

കേരളസഭയിൽ നിലനിന്നിരുന്ന എല്ലാ തിന്മകളുടേയും മൂലകാരണം ക്രിസ്തുവിനേക്കുറിച്ചും ക്രൈസ്തവ പ്രബോധനങ്ങളെക്കുറിച്ചുമുള്ള അജ്ഞതയാണെന്ന് മനസ്സിലാക്കി പിതാവ് തന്റെ ഇടയലേഖനങ്ങളിൽ മതാദ്ധ്യാപനത്തെ സംബന്ധിച്ച് ശക്തമായ ഉപദേശങ്ങൾ നൽകി (PL 4,18,51).

വേദപഠനത്തിൽ അലസത കാണിക്കുന്ന കുട്ടികളും അതിനു കാരണ ക്കാരായ മാതാപിതാക്കളും ഗൗരവമായ ശിക്ഷയ്ക്ക് അർഹരാണ് എന്ന് അദ്ദേഹം ഇടയലേഖനത്തിലൂടെ ഓർമ്മപ്പെടുത്തി. ഇന്ന് റാങ്കുകൾക്കും ഉന്നത വിജയത്തിനും ഏറെ ശ്രദ്ധിക്കുന്ന മാതാപിതാക്കൾ ഞായറാഴ്ച കളിലെ വി. കുർബാനയും മതപഠനക്ലാസ്സുകളും ഉപേക്ഷിച്ച് കുട്ടികളെ ആഘോഷപരിപാടികൾക്കും ഇതരപരിശീലന ക്ലാസ്സുകൾക്കും വിടു മ്പോൾ പിതാവിന്റെ ഈ വചസ്സുകൾ ചിന്താവിഷയമാക്കേണ്ടതാണ്.

## ആത്മായ മതബോധകർ

മതബോധനം ഇടവകകളിൽ കാര്യക്ഷമമായി നടത്തുന്നതിന് പ്രേഷിത തീക്ഷ്ണതയുള്ള അല്മായരുടെ സേവനം ആവശ്യമാണെന്ന് മനസ്സിലാ

ക്കി. ഇതിനായി 1922-ൽ പിതാവ് രൂപം കൊടുത്ത അല്മായ പ്രേക്ഷിത സഖ്യമാണ് മാർ തോമാ ദാസ സംഘം. സ്വന്തം ആത്മവിശുദ്ധീകരണത്തോടൊപ്പം സുവിശേഷപ്രചാരണം, മതബോധനം, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ദൈവജനത്തെ ഉണർവുള്ളവരാക്കുവാൻ ഈ സംഘാംഗങ്ങൾക്ക് സാധിച്ചു. മതപഠനത്തിന് സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ നാട്ടുകാരുടെ സഹകരണത്തോടെ ഷെഡ്ഡുകൾ കെട്ടി മതബോധനക്ലാസ്സുകൾ നടത്തിയത് ഇവരുടെ ആത്മസമർപ്പണത്തേയും ത്യാഗസന്നദ്ധതയേയും സൂചിപ്പിക്കുന്നു. ആത്മായ പങ്കാളിത്വത്തോടെ അദ്ദേഹം സ്ഥാപിച്ച മറ്റു പ്രസ്ഥാനങ്ങളാണ് ഫ്രാൻസിസ്ക്കൻ മൂന്നാംസഭ, കത്തോലിക്കാ കോൺഗ്രസ്സ് എന്നിവ. വിദ്യാർത്ഥികളെ വിശ്വാസത്തിൽ ആഴപ്പെടുത്തുവാനും നേതൃനിരയിലേയ്ക്ക് കൊണ്ടുവരുവാനും ഈ കാലഘട്ടത്തിൽ. പിതാവിന്റെ അനുഗ്രഹാശീർവാദത്തോടെ സ്ഥാപിതമായ കെസിഎസ്എൽ ഇന്നും കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ സജീവമായ പ്രവർത്തനങ്ങൾ നടത്തുന്നു എന്നതിൽ അഭിമാനിക്കാം.

## സാമൂഹ്യതിന്മകൾക്കെതിരെയുള്ള ധീരശബ്ദം

കേരളീയ ജനതയുടെ മതസാംസ്ക്കാരിക രംഗങ്ങളിലേയ്ക്ക് കടന്നു ചെന്ന് അവിടെ വേരൂന്നിയിരുന്ന സാമൂഹ്യതിന്മകൾ ഓരോ കുടുംബത്തിനും വരുത്തുന്ന നാശനഷ്ടങ്ങൾ എന്തെന്ന് മനസ്സിലാക്കി അവയ്ക്ക് എതിരെ പ്രതികരിക്കുകയും തന്റെ തൂലിക ചലിപ്പിക്കുകയും ചെയ്ത ഒരു ധീരയോദ്ധാവാണ് കുര്യാളശ്ശേരി പിതാവ്. മദ്യപാനം, ദുർവ്യയം, വ്യവഹാരം, ജാതിസ്പർദ്ധ, ധൂർത്ത്, ആഢംബരപ്രിയം, അശ്ലീല നാടകങ്ങളുടെ അവതരണം തുടങ്ങിയവയെല്ലാം അദ്ദേഹം നിശിതമായി വിമർശിക്കുകയും നിരോധിക്കുകയും ചെയ്തു. (PL 8) മദ്യപാന നിരോധന പ്രസ്ഥാനം ഏർപ്പെടുത്തി. പിതാവ് മദ്യത്തെ വെറുക്കുകയും മദ്യപാനിയെ സ്നേഹിക്കുകയും ചെയ്തിരുന്നു. ഇതിന് ഉദാഹരണമാണ് എല്ലാവരുടേയും പേടിസ്വപ്നമായിരുന്ന കോടാലിവർക്കിയെ സ്വാമിജി പുത്തൂരാൻ ആക്കി മാറ്റിയത്. (Ref. അനുഭവസ്ഥർ സംസാരിക്കുന്നു).

## ദളിത ക്രൈസ്തവരുടെ നവോത്ഥാനം

ജാതിസ്പർദ്ധയുടെ പേരിൽ ഭയന്ന് പുറത്തിറങ്ങുവാൻപോലും ആളുകൾ മടിച്ചിരുന്ന കാലം. സാമ്പത്തിക ചൂഷണത്തിനും വിദ്യാഭ്യാസ വിലക്കുകൾക്കും പുറമെ ദൈവാലയങ്ങളിൽ പോലും തിക്താനുഭവങ്ങൾ ലഭിച്ചിരുന്ന ദളിതക്രൈസ്തവരുടെ നവോത്ഥാനത്തിനായി അദ്ദേഹം ധീരമായി ശബ്ദമുയർത്തി. പുതുക്രിസ്ത്യാനികളും പഴയ ക്രിസ്ത്യാനികളും കർത്താവിന്റെ മുൻപിൽ ഭേദമില്ലാത്തവരാകയാൽ ഒരു കൂട്ടർക്ക് ഒരു പ്രത്യേക സ്ഥലം മറ്റൊരു കൂട്ടർക്ക് മറ്റൊരു സ്ഥലം എന്ന് വരുന്നത് ഒട്ടും ശരിയല്ല. ആയതിനാൽ മദ്ബഹായിൽ പഴയ ക്രിസ്ത്യാനികൾ കുർബാന കൈക്കൊള്ളുന്നിടത്തുതന്നെ പുതിയ ക്രിസ്ത്യാനികളും കുർബാന കൈക്കൊള്ളേണ്ടതാണ് എന്ന് അദ്ദേഹം വികാരിയച്ചന്മാർക്ക്

നിർദ്ദേശം നൽകി (PL-1914 മെയ് 17).

## സാമൂഹ്യ സമ്പർക്കമാദ്ധ്യമങ്ങൾ

മാദ്ധ്യമരംഗത്ത് പിതാവിന്റെ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു. സന്മാർഗ്ഗവിരുദ്ധ പ്രസ്താവനകൾ അടങ്ങിയ പ്രസിദ്ധീകരണങ്ങൾ നിരോധിക്കുകയും വിജ്ഞാനപ്രദങ്ങളായവ വായിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തു (PL-4). കത്തോലിക്കരുടെ മതവികാരത്തെ വ്രണപ്പെടുത്തുന്നതും സന്മാർഗ്ഗ വിരുദ്ധവുമായ ഒരു കവിത 1914-ൽ മദ്രാസ്സിലെ ഹയർ സെക്കന്ററി ക്ലാസ്സിൽ പാഠ്യവിഷയമാക്കി. ഈ വിവരം അറിഞ്ഞ പിതാവ് പ്രസ്തുത പാഠഭാഗം പിൻവലിക്കാൻ മദ്രാസ് ഗവൺമെന്റിൽ സമ്മർദം ചെലുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മദ്രാസ് ആർച്ച്ബിഷപ്പിന് വികാരനിർഭരമായ ഭാഷയിൽ ഒരു കത്ത് അയക്കുകയുണ്ടായി. (Letter 1917 Aug. 3 Bishop’s House Changanacherry).

## പുനരൈക്യശ്രമങ്ങൾ

‘ഈ തൊഴുത്തിൽ പെടാത്ത മറ്റ് ആടുകളും എനിക്കുണ്ട്. ഞാൻ അവയേയും കൊണ്ടുവരേണ്ടിയിരിക്കുന്നു. (Jn. 10:16) സഭയുടെ വിശുദ്ധമായ പാരമ്പര്യത്തിലും പൈതൃകത്തിലും അഭിമാനം കൊണ്ടിരുന്ന പിതാവ് കേരളത്തിലെ ക്രൈസ്തവ സഭകൾക്കിടയിൽ പൂർണ്ണമായ ഐക്യവും കൂട്ടായ്മയും ഉണ്ടാകുവാൻ ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കയും ചെയ്തു. സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഒരു സഭൈക്യവീക്ഷണമാണ് പിതാവിനുണ്ടായിരുന്നത്. വഴി തെറ്റി നടക്കുന്ന ഭിന്നമതവിഭാഗങ്ങളെ സത്യസഭയിലേയ്ക്ക് ആനയിക്കുവാൻ പ്രാർത്ഥനയും സന്മാതൃകയും ശക്തിയുള്ള ഉപകരണങ്ങളാകുന്നു. എന്ന 11-ാം പീയൂസ് പാപ്പായുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഇതരമതസ്ഥർ മനസ്സ് തിരിഞ്ഞ് ഒരു തൊഴുത്തും ഒരു ഇടയനുമായി തീരുന്നതിനുവേണ്ടി പ്രാർത്ഥിക്കാൻ 87-ാം നമ്പർ ഇടയലേഖനത്തിലൂടെ പിതാവ് ആഹ്വാനം ചെയ്തു.

പിതാവിന്റെ ത്യാഗപൂർവവും നിസ്വാർത്ഥവുമായ പരിശ്രമത്തിന്റെ ഫലമായി മല്ലപ്പള്ളിയിൽ ദാവീദച്ചനേയും 40 കുടുംബങ്ങളേയും 1914-ൽ കത്തോലിക്കാസഭയിലേയ്ക്ക് സ്വീകരിച്ചുകൊണ്ട് സഭൈക്യപ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു. 1930-ൽ മാർ ഇവാനിയോസ് തിരുമേനിയും കൂട്ടരും കത്തോലിക്കാസഭയിലേയ്ക്ക് ചേർന്നതിന്റെ പിന്നിൽ കുര്യാളശ്ശേരി പിതാവിന്റെ ശക്തമായ കരങ്ങളും ദൈവത്തിന്റെ ഇടപെടലും ഉണ്ടായിരുന്നു എന്ന് വ്യക്തമാണ്.

ക്രിസ്തുവിൽ എല്ലാം നവീകരിക്കുക എന്ന മുദ്രാവാക്യവുമായി അജപാലനശുശ്രൂഷയിൽ ഏർപ്പെട്ട കുര്യാളശേരി പിതാവിന്റെ വി. കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതമാണ് അദ്ദേഹത്തിന്റെ സഭാ നവീകരണ പ്രവർത്തനങ്ങൾക്ക് ഏറെ ഊർജ്ജം ഏകിയത്.

# മിശിഹായിൽ എല്ലാം നവീകരിച്ച ഇടയപുത്രൻ

റവ. സി. അനറ്റ് ചാലങ്ങാടി SABS

**കേരളത്തിലെ** കത്തോലിക്കാ വിശ്വാസികളും, നേതൃത്വവും കേരളസഭാ നവീകരണത്തിനായി പ്രത്യേക പ്രാർത്ഥനാ യജ്ഞവും പരിപാടികളും നടത്തുന്ന ഈ കാലഘട്ടത്തിൽ മിശിഹായിൽ എല്ലാം നവീകരിക്കുക എന്ന ആപ്തവാക്യവുമായി ഇടയദൗത്യം നിർവ്വഹിച്ച ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ പ്രഥമ ഇടയലേഖനം പ്രസക്തമാണ്. 111 വർഷങ്ങൾക്കുമുൻപ്, 1912 ഏപ്രിൽ 21 ന് നല്ല ഇടയന്റെ തിരുനാൾ ദിനത്തിൽ അദ്ദേഹം തന്റെ അജഗണത്തിന് നൽകിയ ഉപദേശത്തിൽ സഭയുടെ പ്രത്യേകതകൾ, അതിലെ അംഗങ്ങളുടെ കടമകൾ, സഭാ നേതൃത്വവും അജഗണവും തമ്മിലുള്ള ബന്ധം, മിശിഹായിൽ എല്ലാം നവീകരിക്കുന്നതിന് പരിശുദ്ധ അമ്മയുടെ പങ്ക് എന്നീ വിഷയങ്ങൾ വിശദമായി കൈകാര്യം ചെയ്യുന്നു. മിശിഹായുടെ ജ്ഞാനതോട്ടത്തിൽ വേലക്കാരായ ബഹു. വൈദീകരുടെ ഉത്തരവാദിത്വവും ഇടയശ്രേഷ്ഠനോടു ചേർന്നുനിന്ന് അജഗണത്തെ നയിക്കേണ്ട ആവശ്യകതയും ചൂണ്ടികാണിക്കുന്നു.

''ഞാൻ ഭൂമിയിൽ തീയിടുവാൻ വന്നു; ആയതു കത്തിജ്വലിച്ചിരുന്നെങ്കിൽ'' (ലൂക്കാ 12:49) മിശിഹായുടെ ഈ ആഗ്രഹസാധ്യത്തിനായി തന്റെ ജീവിതം മുഴുവനും സമർപ്പിച്ച മാർ തോമസ് കുര്യാളശ്ശേരി, ഈ ദൈവസ്നേഹാഗ്നി എല്ലാ ബഹു. വൈദീകരിലും വിശ്വാസികളിലും മറ്റനേകരിലും കത്തിജ്വലിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

1903-1915, ഒരു വ്യാഴവട്ടക്കാലം സകലവും ക്രിസ്തുവിൽ നവീകരിക്കുക എന്ന ആപ്തവാക്യവുമായി മിശിഹായുടെ പ്രതിനിധിയായി തിരുസഭയെ നയിക്കുവാൻ നിയോഗിക്കപ്പെട്ടത് വി. പത്താം പീയൂസ് പാപ്പയാണ്. ദിവ്യകാരുണ്യത്തിന്റെ പാപ്പാ എന്ന അപരനാമത്തിൽ അറിയപ്പെട്ട വി. പത്താം പീയൂസ് പാപ്പായാൽ ചങ്ങനാശ്ശേരി വികാരിയാത്തിന്റെ അപ്പസ്തോലിക്കയായി നിയമിതനായ മാർ തോമസ് കുര്യാളശ്ശേരിയുടെ ആപ്തവാക്യവും പരിശുദ്ധ പാപ്പായുടേത് തന്നെയായിരുന്നു. തനിക്ക് ഭരമേല്പിക്കപ്പെട്ട ശുശ്രൂഷാദൗത്യം വിശ്വസ്തതയോടെ പൂർത്തീകരിച്ചുകൊണ്ട് വി. കുർബാനയുടെ മെത്രാനായി തീർന്നു. മാർ തോമസ് കുര്യാളശ്ശേരി പരിശുദ്ധ മാർപാപ്പായുടെ താല്പര്യവും നിയോഗവും ആഗ്രഹവും അനുസരിച്ച് സകലവും ഊർജ്ജിതത്തോടും കൃത്യമായും നിർവ്വഹിക്കുന്നതിലേക്ക് നാം എപ്പോഴും സന്നിഹിതനായിരിക്കുമെന്നും ഇവകളുടെ പരിശോധനാർത്ഥം നമ്മുടെ ദൃഷ്ടി ഈ വികാരിയാത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും സദാ ഉണ്ടായിരിക്കുന്നതുമാണെന്നും പരിശുദ്ധ പിതാവിന്റെയും നമ്മുടെയും നിയമങ്ങൾക്ക് വിപരീതമായി പ്രവർത്തിക്കുന്നവർ നമ്മളിൽ യാതൊരു കരുണയും കണ്ടെത്തുകയില്ലായെന്നും തന്റെ സഹവൈദീകർക്കും വിശ്വാസികൾക്കും അദ്ദേഹം മുന്നറിയിപ്പു നൽകുന്നു.

ഒരു വ്യക്തിയുടെയും കുടുംബത്തിന്റെയും സമുദായത്തിന്റെയും ഉയർച്ചയും അഭിവൃദ്ധിയും ദൈവീക കാര്യങ്ങളോടുള്ള താല്പര്യം അനുസരിച്ച് മാത്രമേ ഉണ്ടാകുകയുള്ളുവെന്ന് തിരുവചനം ഉദ്ധരിച്ചുകൊണ്ട് വന്ദ്യപിതാവ് സമർത്ഥിക്കുന്നു.

''നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും'' (മത്താ. 6:33) ''ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം''? (മത്താ. 16:26).

ഇപ്രകാരം എല്ലാം മിശിഹായിൽ നവീകരിക്കുന്നതിന് താൻ അശക്തനാണെന്ന് ബോധ്യമുള്ളതിനാൽ ദിവ്യരക്ഷകന്റെ തിരുഹൃദയത്തിലും ആ ഹൃദയത്തിലേക്കുള്ള ജ്ഞാന ഗോവണിയായ പരിശുദ്ധ അമ്മയിലും അദ്ദേഹം ശരണപ്പെടുന്നു. നമ്മുടെ നിയോഗത്തിന് അനുസരണമായി ഈ മിസ്സത്തെ ക്രിസ്തുവിൽ നവീകരിക്കുന്നതിന് ഈ മഹാരാജ്ഞി, ഈ കരുണയുള്ള മാതാവ് എപ്പോഴും നമുക്കു തുണയായിരിപ്പാൻ എല്ലാവരും മാതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.



അജഗണത്തിന്റെ ആദ്ധ്യാത്മികവും, സാമൂഹികവും സാമുദായീകവുമായ വളർച്ചയ്ക്കും കെട്ടുറപ്പിനും സഹായകമായതാണ് ഭക്തസഖ്യങ്ങളും സാമുദായിക സംഘടനകളുമെന്ന് തിരിച്ചറിഞ്ഞ വന്ദ്യപിതാവ് എല്ലാ പ്രായക്കാർക്കും ഉപയുക്തമായ വിധത്തിൽ വിവിധ സംഘടനകൾ സ്ഥാപിക്കുകയും നിലവിലുണ്ടായിരുന്നവയെ പരിപോഷിപ്പിക്കുകയും ചെയ്തു.

സ്വർഗ്ഗത്തിലേയ്ക്കുള്ള യാത്രയിൽ പരിശുദ്ധ കന്യകാമറിയമാകുന്ന ജ്ഞാനനക്ഷത്രത്തെ വഴികാട്ടിയും മദ്ധ്യസ്ഥയും ആയി സ്വീകരിക്കണമെന്ന് വന്ദ്യപിതാവ് ഓർമ്മപ്പെടുത്തുന്നു. സാമുദായികവും ആത്മീയവുമായ സകല കഷ്ടപ്പാടുകളിലും മറിയത്തിന്റെ സങ്കേതം പ്രാപിക്കുക. അനുഗ്രഹദായകമാണെന്നും ധന്യനായ പിതാവ് അജഗണങ്ങളെ ഉദ്ബോധിപ്പിക്കുന്നു.

പരിശുദ്ധ അമ്മയുടെ തിരുമാസമാകുന്ന മെയ് മാസം സവിശേഷമായി ആഘോനം ചെയ്തുകൊണ്ട് പരിശുദ്ധ അമ്മയെ സ്തുതിക്കുകയും വണങ്ങുകയും സ്നേഹിക്കുകയും ഈ മഹാരാജ്ഞിയുടെ എളിമ, ഉപവി, വിരക്തി, അനുസരണം, വിനയം ആദിയായ സകല ഗുണങ്ങളെയും അനുകരിച്ച് പരിശുദ്ധ അമ്മയുടെ ഉത്തമമക്കളായി ജീവിക്കുന്നതിന് ഉത്സാഹം ഉള്ളവരായിരിക്കണമെന്നും ഉപദേശിക്കുന്നു, എന്നും പ്രസക്തമായ ഈ ഉപദേശത്തെ നമ്മുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും പ്രായോഗികമാക്കിക്കൊണ്ട് ധന്യനായ പിതാവിന്റെ വാത്സല്യമക്കളായി ജീവിക്കാൻ പരിശ്രമിക്കാം.

ഇടയനോട് അനുസരണയും വിധേയത്വവുമുള്ള ഒരു അജഗണത്തെ ഒരുക്കി മഹാഇടയന്റെ മുൻപിൽ അവരെക്കുറിച്ചുള്ള കണക്ക് ബോധിപ്പിക്കേണ്ടവനാണ് താനെന്ന ഉറച്ച ബോധ്യമുള്ള ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവ് ആദ്ധ്യാത്മികവും, സാമൂഹികവും സാമുദായീകവുമായ വളർച്ചയ്ക്കും കെട്ടുറപ്പിനും സഹായകമായതാണ് ഭക്തസഖ്യങ്ങളും സാമുദായിക സംഘടനകളുമെന്ന് തിരിച്ചറിഞ്ഞ വന്ദ്യപിതാവ് എല്ലാ പ്രായക്കാർക്കും ഉപയുക്തമായ വിധത്തിൽ വിവിധ സംഘടനകൾ സ്ഥാപിക്കുകയും നിലവിലുണ്ടായിരുന്നവയെ പരിപോഷിപ്പിക്കുകയും ചെയ്തു. കേരളസഭയിൽ ശതാബ്ദി ആഘോഷിച്ചുകഴിഞ്ഞ പല പ്രസ്ഥാ

നങ്ങളും സംഘടനകളും ഇതിന് ഉദാഹരണമാണ്. കേരള കത്തോലിക്കാ കോൺഗ്രസ് എന്ന് ഇന്നറിയപ്പെടുന്ന മലബാർ കാത്തലിക് അസ്സോസിയേഷൻ, (1911) വൈഎംസിഎ എന്ന് ഇന്നറിയപ്പെടുന്ന കത്തോലിക്കാ യുവജന സമാജം (1919) വിജ്ഞാനോദയസഭ (1920). ആരാധനസഖ്യം, തിരുഹൃദയസഖ്യം, അമലോത്ഭവ മാതാവിന്റെ സഖ്യം, ജപമാല സഖ്യം, മാർത്തോമാ ദാസീസംഘം തുടങ്ങിയവ.

വി. കുർബാനയുടെ അതിഭക്തനായ മാർ തോമസ് കുര്യാളശ്ശേരി പിതാവ് വി. കുർബാനയുടെ ഒരു സന്യാസിനി ഗണത്തിന് രൂപം നൽകിക്കൊണ്ട് എന്നും സാക്ഷ്യം വഹിക്കാൻ കാരണക്കാരനായി. അതോടൊപ്പം വി. കുർബാനയുടെ പ്രേഷിതരാകാൻ ഒരു സന്യാസസമൂഹത്തെ രൂപപ്പെടുത്തുവാനും ആഗ്രഹിക്കുകയും അതിനുവേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്തിരുന്നു. എന്നാൽ വന്ദ്യപിതാവിന്റെ ആകസ്മിക നിര്യാണത്തിൽ പൂർത്തിയാക്കാൻ സാധിക്കാതെ പോയ ആഗ്രഹം പിൻഗാമിയിലൂടെ നിറവേറ്റപ്പെട്ടത്. ഇന്ന് നവതി ആഘോഷിച്ച എംസിബിഎസ് സന്യാസ സമൂഹമാണ്.

ഈ ഇടയലേഖനത്തിന്റ പരിസമാപ്തിയിൽ ഇപ്രകാരം എഴുതുന്നു. തിരുസഭയുടെ തലവന്റെയും നമ്മുടെയും സകല കല്പനകളെയും കൃത്യമായി അനുസരിക്കുകയും അനുസരിപ്പിക്കുകയും ചെയ്യുന്നതിലും ദൈവസന്നിധിയിൽ ശരിയായ കണക്കുകൾ കേൾപ്പിക്കേണ്ട എല്ലാ സംഗതികളിലും നമ്മെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലാണ് ഇടയനോടുള്ള സ്നേഹബഹുമാനാദികൾ കാലങ്ങളിലും പ്രസക്തമായ ഈ ഇടയലേഖനം നമ്മുടെ ജീവിതവഴികളിൽ മാർഗ്ഗദീപമാകട്ടെ.

**അക്ഷയ അലുമിനിയം ഫാബ്രിക്കേഷൻ**

**ചങ്ങനാശേരി, ഫോൺ: 9446713438**

**PVC Ceiling, Kitchen Cubboard, Bathroom Door, Mosquitto Window, Airhole, Partition, Dressing Table, Curtain Work, V Board Ceiling, Ventilation etc.**








# ശില്പകലയിലെ പെൺതിളക്കം



**നവീൻ മൈക്കിൾ വെട്ടുവഴി**

**2023 ലെ** കേരള ലളിതകലാ അക്കാദമി സംസ്ഥാന ദൃശ്യകലാ പുരസ്ക്കാരങ്ങളിൽ ഓണറബിൾ മെൻഷൻ നേടിയ ഹെൽനാ മെറിൻ ജോസഫ് നമ്മുടെ ഇടവക വല്ലയിൽ ലാലിച്ചന്റെയും ഹണിയുടെയും രണ്ടു മക്കളിൽ ഒരാൾ. മാതാപിതാക്കളും ചിത്രകലാരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചവർ. ചെറുപ്പം മുതൽ ഹെൽനയെ ആകർഷിച്ചിരുന്നത് വർണങ്ങളുടെ ലോകം തന്നെയായിരുന്നു. ചമ്പക്കുളത്തുനിന്ന് ചങ്ങനാശേരിയിലെത്തിയ തന്റെ വല്ല്യപ്പനും വല്യമ്മച്ചിയും ശില്പകലാ സംഗീതരംഗങ്ങളിൽ മികവ് തെളിയിച്ചിരുന്നത് അഭിമാനത്തോടെ ഹെൽന ഓർക്കുന്നു.

സുവിശേഷത്തിലെ താലന്തുകളുടെ ഉപമ നമ്മുടെ ഹൃദയങ്ങളിൽ നിറക്കുന്ന നനുത്ത പ്രതീക്ഷയുണ്ട്. താലന്ത് ഒന്നു മാത്രമാണെങ്കിലും അത് നിന്റെ ജീവിതത്തെ മാറ്റിമറിക്കാൻ തക്ക ശക്തമായ നാണയമാണെന്നും പ്രതീക്ഷയുടെയും, ജീവിതവിജയത്തിന്റെയും നിധികൾ നിന്നിൽതന്നെ നൽകപ്പെട്ടിട്ടുണ്ടെന്നും അത് നമുക്ക് കാണിച്ചുതരുന്നു. നൽകപ്പെട്ട താലന്തുകളെ ഇരട്ടിയാക്കിയ ആ സേവകരെപ്പോലെ നൽകപ്പെട്ട താലന്തുകളിൽ നിന്നുകൊണ്ട് മുപ്പതും അറുപതും നൂറും മേനി ഫലം കൊയ്യുന്ന കൊച്ചു വലിയ മിടുക്കിയാണ് ഹെൽന.

പഠിക്കുന്നവർ മാത്രം രക്ഷപെടും, അവർ മാത്രമാണ് അംഗീകാരത്തിനും പ്രോത്സാഹനത്തിനും അർഹർ എന്ന മനോഭാവമുള്ള ഈ വിദ്യാഭ്യാസ സമ്പ്രദായത്തെ ഉടച്ചുവാർക്കേണ്ടത് അത്യാവശ്യമാണെന്ന അഭിപ്രായക്കാരിയാണ് ഹെൽന. ഓരോരുത്തർക്കും അവരവരുടേതായ അഭിരുചികളുണ്ട്. അതിനനുസരിച്ച് വിദ്യാഭ്യാസത്തെ ക്രമീകരിക്കുവാൻ സാധിക്കാത്തിടത്തോളം വിദ്യാഭ്യാസ കാലഘട്ടത്തിൽ നല്ലോർമ്മകൾ ഉണ്ടാവുകയില്ല എന്നും ഹെൽന പറയുന്നു.

ചിത്രകലയുടെ വർണാഭമായ ലോകത്തുനിന്ന് ശില്പകലാരംഗത്തേക്കുള്ള ചുവടുമാറ്റം ഏറ്റവും ശക്തമായ തീരുമാനം. പെൺകുട്ടികൾ തെരഞ്ഞെടുക്കാൻ മടിക്കുന്ന ഈ പരുക്കൻ കലാരംഗം ഹെൽനയ്ക്ക് ഏറെ വഴക്കമേറിയതായിരുന്നു. മാവേലിക്കര രാജാ രവിവർമ്മ കോളേജ്

ഓഫ് ഫൈൻ ആർട്സിൽ നിന്ന് ഒന്നാം റാങ്കോടെ ബിരുദം ഹൈദരാബാദ് സരോജിനി നായിഡു കോളേജ് ഓഫ് ഫൈൻ ആർട്സിൽ നിന്ന് മെഡലും ഒന്നാം റാങ്കും കരസ്ഥമാക്കി ബിരുദാനന്തരബിരുദവും.

മാവേലിക്കര രാജാരവിവർമ്മ കോളേജിൽ പഠിക്കുമ്പോഴാണ് ആദ്യമായി തന്റെ ഒരു കലാസൃഷ്ടിക്ക് അംഗീകാരം ലഭിക്കുന്നത്. ഷർട്ട് സീരിസ് എന്ന കലാസൃഷ്ടി റിസർവ് ബാങ്കിന്റെ മത്സരത്തിൽ സമ്മാനം കരസ്ഥമാക്കി. പിന്നീടങ്ങോട്ട് തേടിവന്ന അവാർഡുകൾ നിരവധി.

ഹെൽനയുടെ കലാസൃഷ്ടികൾ നമുക്ക് തുറന്നുതരുന്നത് ആസ്വാദനത്തിന്റെ പുതുതലങ്ങളാണ്. ഈ ലോകത്തോട് തനിക്ക് വിളിച്ചുപറയുവാനുള്ളതെല്ലാം അതിൽ പ്രതിഫലിക്കുന്നുണ്ട്. ഷർട്ട് സീരിസിലെ ക്വസ്റ്റ്യൻ മാർക്ക്-ൽ ലിംഗസമത്വത്തെക്കുറിച്ച് പറയുമ്പോൾ Betty bought some bit of better butter-ൽ സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന മാനസിക-ശാരീരിക സംഘർഷങ്ങളെക്കുറിച്ച് പറയുന്നു. തടിയും തടിപ്പണികളും അതിനുള്ള ഉപകരണങ്ങളും പുരുഷന്മാരുടേത് മാത്രമായി കണക്കാക്കപ്പെടുന്ന ഒരു ലോകത്ത് ഹെൽന എന്ന പെൺകുട്ടി അതേ ഉപകരണങ്ങളാൽ സ്ത്രീയ്ക്കുവേണ്ടി സംസാരിക്കുന്നു. ഏതു കലാസൃഷ്ടിയിലും മാതൃകകളായി സ്ത്രീകളോ പെൺകുട്ടികളോ പ്രത്യക്ഷപ്പെടുമ്പോൾ തന്റെ ചുറ്റുമുള്ള വനിതകളുടെ നിരവധി പ്രശ്നങ്ങൾ അതിൽ നിറയുന്നു.

പ്രതികൂലസാഹചര്യങ്ങളിൽ തന്റെ ഉറച്ച തീരുമാനങ്ങളുടെ ചുവടുപിടിച്ച് മുന്നോട്ടു നടന്ന ഹെൽന കഠിനപ്രയത്നത്തിലൂടെയും, അർപ്പണബോധത്തിലൂടെയും കൊയ്തെടുത്ത നേട്ടങ്ങളിലൂടെ ആ തീരുമാനം ശരിയായിരുന്നു എന്ന് കാണിച്ചുതരികയായിരുന്നു. ന്യൂമീഡിയ തലത്തിൽ കേരള ലളിതകലാ അക്കാദമി അവാർഡു കരസ്ഥമാക്കിയ ഹെൽനയ്ക്ക് 2021-ൽ ഹ്യൂണ്ടായ് ആർട്ട് ഫോർ ഹോപ്പ് അവാർഡും ലഭിച്ചിരുന്നു. 2016 ലും 2018 ലും ബെസ്റ്റ് ആർട്ട് സ്റ്റുഡന്റ് സ്കോളർഷിപ്പ് ലഭിച്ചു. കൊച്ചിൻ ബിനാലെ, ലോകമേ തറവാട് എന്ന ആലപ്പുഴയിൽ വച്ച് നടത്തപ്പെട്ട ബിനാലെയിലും ഹെൽന തന്റെ മികവ് കാട്ടി. വനിതാ ദിനത്തിൽ ഐസിസിആർ-ന്റെ നാഷണൽ ഗാലറി ഓഫ് മോഡേൺ ആർട്ട് ന്യൂഡൽഹിയിൽ പ്രദർശിപ്പിച്ചത് ഹെൽനയുടെ വുഡൻ കലാസൃഷ്ടികളാണ്. ബോസ് കൃഷ്ണനാചാരിയെ പരിചയപ്പെട്ടത് വലിയ വഴിത്തിരിവായി കാണുന്ന ഹെൽന ഇന്നിന്റെ യുവതയ്ക്ക് വലിയ മാതൃകയാണ്.





നവമാധ്യമങ്ങളിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർക്ക് ഹെൽന ക്ലാസുകളെടുക്കുന്നുണ്ട്. എന്താണ് യുവജനങ്ങളോട് പറയാനുള്ളത് എന്ന ചോദ്യത്തിന് തന്റെ പ്ലാനിംഗിനെക്കുറിച്ച് വാചാലയായി. സ്വന്തം അഭിരുചിക്കനുസരിച്ച് കൃത്യമായ പ്ലാനിംഗ് ഉണ്ടാവുക, ലക്ഷ്യമുണ്ടാവുക, സ്വപ്നങ്ങളുണ്ടാവുക, ഹെൽനയുടെ വിജയരഹസ്യം അതായിരുന്നു. ഇനിയുമൊരുപാട് ദൂരങ്ങൾ കീഴടക്കാൻ ഹെൽനയ്ക്ക് സാധിക്കട്ടെ.


A HOUSEBOAT TRIP FROM CHANGANASSERY
94007 63007
Day & Night Cruise
Email : changanasseryhouseboat@gmail.com
Web : www.changanasserytourism.com
നദികളിലൂടെ... കായലിന്റെ ഓളപ്പരപ്പിലൂടെ...
പ്രകൃതിയെ അടുത്തറിഞ്ഞ് നാടൻ
രുചിഭേദങ്ങളുമായി
ചങ്ങനാശ്ശേരിയിൽ നിന്ന്
ഹൗസ് ബോട്ട്
യാത്ര
KIV/KDR/HB/0822/22
Through the rivers...
Through the ways of lakes, canals and backwaters...
Through farm-yards, paddy fields, lives of local villagers...
Getting to know the nature closely...
With delicious customized local and continental food
RUN BY CHANGANASSERY TOURISM DEVELOPMENT TRUST
9400763007

# പീഡാനുഭവ വാരാചരണം


കൊഴുക്കട്ടശനി


ഓശാന ഞായർ




ദീപക്കാഴ്ച


കാൽകഴുകൽ ശുശ്രൂഷ


ദുഃഖവെള്ളി






ഉയിർപ്പുഞായർ




വിശ്വാസോത്സവം 2023 ഏപ്രിൽ 1-16











ഭാരതത്തിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ് ലെയോപോൾദോ ജിറേല്ലിക്ക്
കത്തീഡ്രൽ ഇടവകയിൽ നല്കിയ സ്വീകരണം - 2023 ഏപ്രിൽ 28





അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്
മെത്രാപ്പോലീത്തായും അഭിവന്ദ്യ മാർ ജോസഫ്
സ്രാമ്പിക്കൽ മെത്രാനും മാർ ജോസഫ്
പവ്വത്തിലിന്റെ കബറിടം സന്ദർശിച്ച്
പ്രാർത്ഥിക്കുന്നു







Mothers Day
Selfie Contest



അതിരൂപതാദിനം ഇടവകതല ഉദ്ഘാടനം 2023 മെയ് 16



അതിരൂപതാദിന ഛായാചിത്രപ്രയാണം - 2023 മെയ് 19



അതിരൂപതാദിനത്തിൽ ലളിതകലാ അക്കാദമി അവാർഡ് ജേതാവ് ഹെൽന മെറിൻ ജോസഫിന് ആദരം



മാതൃവേദി-മാതൃദിനാഘോഷം



കത്തോലിക്കാ കോൺഗ്രസ്
ദീപശിഖാപ്രയാണം

## പുതിയ മദ്ബഹാ ശുശ്രൂഷികൾ



## ആഘോഷമായ വി. കുർബാനസ്വീകരണം



## ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 98-ാം ചരമവാർഷികാചരണം





പദയാത്ര - 2023 മെയ് 26



സിമ്പോസിയം - 2023 മെയ് 26

## *Our intercessors in heaven*



**MS MATHEW**
**27 July 2002**



**CHINNAMMA MATHEW**
**18 October 2005**



**SCARIA MATHEW**
**11 December 2019**

**MAMMOOTTIL FAMILY**
**PUZHAVATHU**
**CHANGANACHERRY**

# ARCHBISHOP KAVUKATTU MEMORIAL PUBLIC SCHOOL & JUNIOR COLLEGE

**Affiliated to CBSE, New Delhi. Reg.No. 930862**

BY PASS ROAD, MORKULANGARA, CHANGANACHERRY - 3

**Ph : 0481 - 2402161, 8848682677**

email : akmschoolchrry@gmail.com, Website : www.akmpublicschool.in

**ADMISSION**

**Play Class, KG to Class IX and Class XI Science & Commerce**

## Our Specialities

- Dedicated & Experienced Staff
- Technology enabled class rooms with interactive Digiboard Systems
- Modernized Computer Lab, Maths Lab, Science Labs & Library
- CCTV Surveillance of whole campus
- Daily SMS System
- Transportation facilities
- Kids Park



**Cricket Coaching by KCA and Basketball Coaching by KBA**

# വിശുദ്ധി



ജോൺ റ്റി.ഡി.



**ഏറ്റമനുഗ്രഹ**
ദിവ്യനിമിഷത്തിൽ
ഏകാഗ്ര ചിത്തനായി
തപസ്സു ചെയ്കെ
എൻ മനമാകവെ
പൂത്തു തളിർക്കുന്ന
തോമസ് പിതാവിന്റെ
സ്മരണയാലെ
ധന്യനാം ദാസന്റെ
കരുണമൂലം

ചമ്പക്കുളത്തിന്റെ
നന്മയിൽ പുഷ്പിച്ച
യൗവനക്കാരൻ
റോമിലെത്തി
വിധിപോലെ പാഠങ്ങൾ
ചൊല്ലി പഠിച്ചതാൽ
ശ്രേഷ്ഠമാ കൂദാശ
സ്വീകരിച്ചു
വൈദികനായി
പരിണമിച്ചു

റോമിലെ രാത്രിയിൽ
നിദ്രയിലായപ്പോൾ
സ്വപ്നത്തിൽ ദിവ്യമാം
കാഴ്ച കണ്ടു



സക്രാരി നാഥനെ
പാടിസ്തുതിക്കുന്ന
നാരിഗണത്തിൻ
വിശുദ്ധ വേദി
കർത്താവിൻ മണവാട്ടി
സംഘമത്
സ്വപ്നത്തിൽ സാരം
ഗ്രഹിച്ച തോമാച്ചനിൽ
ഒരു നവചിന്തയും അങ്കുരിച്ചു
ദിവ്യകാരുണ്യത്തെ
പാടിസ്തുതിക്കുന്ന
സഭയൊന്നു കേരള
നാട്ടിൽ വേണം
കന്യാസ്ത്രീ സംഘത്തിൻ
പുതിയ രൂപം
റോമിൽ നിന്നെത്തുന്നു
കൊച്ചു പുരോഹിതൻ
കല്ലൂർക്കാട് ദേശത്തെ
പള്ളിതന്നിൽ
ഹ്യസ്വകാലത്തേയ്ക്കു
വിശ്രമം കിട്ടുന്നു
മാക്കീൽ പിതാവിന്റെ
കല്പനയാൽ
ശുശ്രൂഷവേളയിൽ
വചനപ്രഘോഷണം
എരിവുള്ള ചിന്തയാൽ
അഗ്നിയായി
ദീപ്തമനസ്കയായ്
വല്ലയിൽ പ്ലമ്മേനാ
അച്ചന്റെ സവിധത്തിൽ
കുമ്പസാരക്കൂട്ടിൽ
മനമുരുകി എല്ലാം കഥിച്ചവൾ
സ്വാസ്ഥ്യം തേടി
ചിന്തയിൽ നാളുകൾ
മുങ്ങിനീങ്ങി
മനസ്സൊന്നു ബിന്ദുവിൽ
വന്നുനിന്നു

സർവ്വോച്ചം കന്യാസ്ത്രീ-
പദമല്ലെയോ
യേശുവിനായൊരു
ജനമിത്
വല്ലയിലമ്മേടെ
ഇച്ഛകളൊരു ദിനം
കൊച്ചച്ചൻ സാകൂതം
കേട്ടിരുന്നു
എല്ലാം നിനച്ചിട്ടു
തോമാച്ചൻ ചൊല്ലുന്നു
ഗാഢമായി ധ്യാനിച്ചു
പ്രാർത്ഥിച്ചീടൂ
കർത്താവിൽ അർപ്പിക്കൂ
നിൻ നിയോഗം
വള്ളവും വെള്ളവും
മാനുഷരും ചേർന്നു
രൂപപ്പെടുത്തിയ കുട്ടനാട്ടിൽ
പള്ളികളിൽ കർതൃവേലചെയ്ത്
എടത്വാ പള്ളിയിൽ
ശുശ്രൂഷാ ചെയ്യവെ
ഓർശ്ലം പള്ളിയും ഒരു മഠവും
അച്ചന്റെ സ്വന്തമാം
(ചമ്പക്കുളത്തെ)
കാരയ്ക്കൽ ഭൂമിയിൽ
സ്വന്തം പണത്താൽ പടുത്തുയർത്തി
ചമ്പക്കുളത്തെ
സെന്റ് മേരീസ് പള്ളിയിൽ
വികാരിയായി തോമാച്ചൻ
നിയമിതനായ്
ഒരു ദിനം മാതാവിൻ
ഭവനത്തിൽ നിൽക്കവെ

പരിശുദ്ധ പിതാവിന്റെ
'ബൂള' വന്നു
ദൈവ ജനനി തൻ
പാദത്തിലർപ്പിച്ചു
പ്രാർത്ഥിച്ചു,
വായിച്ചു, കല്പനയും
പെല്ലാ ബിഷപ്പായും
ചങ്ങനാശേരീടെ
വികാരി അപ്പസ്തോലിക്കയുമായി
തോമാച്ചൻ പാപ്പായാൽ
നിയമിതനായ്
കാൻഡിയിൽവെച്ചു
അഭിഷേകവും
ദൈവകൃപയുടെ
അഭിഷേകജ്വാലയിൽ
കന്യാസ്ത്രീ സഭയൊന്നു
ജന്മംപൂണ്ടു
വല്ലയിലമ്മയും
നാല് അംഗങ്ങളും
എസ്എബിഎസ് സഭയുടെ
മണവാട്ടികൾ
സഭയുടെ ആദ്യത്തെ
പോറ്റമ്മമാർ
കാലിത്തൊഴുത്തിലും
വള്ളപ്പുരയിലും
ദിവ്യകാരുണ്യത്തെ
ആരാധിച്ചോർ
ചമ്പക്കുളം മഠം കേന്ദ്രമാക്കി
വാസവും പ്രാർത്ഥനയും തുടർന്നു
തോമസ് പിതാവിന്റെ
ശുശ്രൂഷാ ചൈതന്യം
അനുദിന മോദം
സഭ വളർന്നു
ദിവ്യകാരുണ്യമേ
എന്നേരവും
സ്തുതിയും പുകഴ്ചയും
ആരാധനയും (ഏകിടുന്നു)

സ്നേഹവും കരുണയും
ഹൃത്തിൽ വിളയിച്ചു
കർത്താവിലെല്ലാം
നവീകരിച്ചു
രൂപത ചൈതന്യ
പൂരിതമായി
ആയിരത്തിതൊള്ളായിരു
പത്തിയഞ്ചിലെ
ജൂൺമാസം രണ്ടിനു
കാലം ചെയ്തു
അഭിലാഷം പോലവെ
പരിശുദ്ധ നഗരിയിൽ
യേശു കരങ്ങളിൽ
ജീവനേകി
സ്വർഗ്ഗീയ കാന്തിയിൽ
സീയോൻ യാത്ര
കർത്താവിൽ വചനങ്ങൾ
ദീപമായി
മാർഗ്ഗവും ലക്ഷ്യവും
യേശുവല്ലോ
ദിവ്യകാരുണ്യത്തിൻ
പ്രേഷിതന്
ഭാഗ്യസ്മരണീയൻ
തോമസ് പിതാവിന്നു
കർത്താവിൻ വാടിയിൽ
ധന്യൻ പുഷ്പം
കർത്താവെ, കൂട്ടമായ്
കേണപേക്ഷിക്കുന്നു
വിശുദ്ധിതൻ മേലങ്കി
ചാർത്തിടേണെ
സെന്റ് തോമസ്സാകുവാൻ
കൃപ ചൊരിയൂ
വാഴ്ത്തുന്നു ഞങ്ങളും
കർത്താവിനെ
നിൻനാമം എന്നെന്നും
വിജയിക്കട്ടെ



# ഇടവക വാർത്തകൾ

## സൺഡേസ്കൂൾ - വിശ്വാസോത്സവം

1 മുതൽ 9 വരെയുള്ള ക്ലാസ്സുകളുടെ വിശ്വാസോത്സവം ഏപ്രിൽ 1 ശനി മുതൽ 16 ഞായർ വരെയുള്ള ദിവസങ്ങളിൽ രാവിലെ 9.45 ന് ഖുഥാആ പ്രാർത്ഥനയോടെ ആരംഭിച്ച് 3.30 വരെ വിവിധ സെഷനുകളിലായി നടന്നു. ഉദ്ഘാടനദിവസം രാവിലെ 11.30 ന് മാർച്ച്പാസ്റ്റ് വലിയപള്ളിയിൽ നിന്നും കൽക്കുരിശ് ചുറ്റി പള്ളിഗ്രൗണ്ടിലെത്തി വികാരി വെരി. റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ പതാക ഉയർത്തി. തുടർന്ന് കുട്ടികൾ സെഷനുകളിലേയ്ക്ക് പോയി.

സമർപ്പിതദിനമായി ആചരിച്ച രണ്ടാം ദിവസം മാർ മാത്യു കാവുകാട്ട്-നെ പ്രത്യേകം അനുസ്മരിച്ചു. പൂർവ്വികസ്മരണാദിനമായിരുന്ന മൂന്നാം ദിവസം ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിനെ അനുസ്മരിക്കുകയും സെഷനുകളിലായി കുട്ടികൾ കുര്യാളശ്ശേരി മ്യൂസിയം സന്ദർശിക്കുകയും ചെയ്തു. ആഫ്രിക്കയിലേക്ക് സ്ഥലം മാറി പോകുന്ന സി. ക്ലാരിസ് സിഎംസി ക്ക് ഉചിതമായ യാത്രയയപ്പ് നൽകി. പെ. ബഹു. വികാരിയച്ചൻ, ഡയറക്ടർ ബഹു. ലിബിനച്ചൻ ഹെഡ്മാസ്റ്റർ സോണിസാർ, ഐസിഎസ് കോർഡിനേറ്റർ രാജുസാർ, വാർഡ് കൗൺസിലർ ബീനാ ജോബി, സ്കൂൾ ലീഡേഴ്സ്, ഹയർ



സെക്കന്ററി പ്രതിനിധി ഏയ്ഞ്ചൽ എന്നിവർ പ്രസംഗിക്കുകയും സി. ക്ലാരിസ് ഏവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു.

വി. സിസിലിയെ പ്രത്യേകം അനുസ്മരിച്ച നാലാം ദിവസത്തിൽ ഗ്രൂപ്പടിസ്ഥാനത്തിൽ 30 മിനിറ്റ് നീണ്ടുനിൽക്കുന്ന തീം ഷോ കുട്ടികൾ അവതരിപ്പിച്ചു. അഞ്ചാം ദിവസം രക്തസാക്ഷിദിനമായി ആചരിക്കപ്പെടുകയും അന്നേദിവസം സൺഡേസ്കൂൾ ഹെഡ് മാസ്റ്റർ സോണി സാർ എസ്.ബി. കോളേജ് വൈസ് പ്രിൻസിപ്പാൾ ആയി സ്ഥാനമേറ്റതിൽ സൺഡേസ്കൂൾ കുടുംബം ഒന്നാകെ അനുമോദനങ്ങളും ആശംസകളും നേർന്നു. സ്വഭാവബോധദിനമായിരുന്ന ആറാം ദിവസം മാർ ജോസഫ് പവ്വത്തിലിനെ അനുസ്മരിക്കുകയും രാജുസാർ പിതാവിനെക്കുറിച്ച് കുട്ടികളോട് സംസാരിക്കുകയും ചെയ്തു.

ഏഴാം ദിവസം മാധ്യമദിനമായി ആചരിക്കുകയും അന്നേ ദിവസം ഫൂഡ് ഫെസ്റ്റ് നടത്തപ്പെടുകയും ചെയ്തു. കുലുക്കി സർബത്ത്, സിപ്പപ്പ്, ഐസ്ക്രീം എന്നിവ വളരെ നല്ല രീതിയിൽ വിറ്റഴിഞ്ഞു. വി. തോമസ് മൂറിനെ അനുസ്മരിച്ചുകൊണ്ട് എട്ടാം ദിനം യുവജനദിനമായി ആചരിക്കപ്പെട്ടു. അന്നേദിവസം ബഹു. തോമസ് തറയിൽ പിതാവ് കുട്ടികളെ കാണാൻ എത്തുകയും കുട്ടികളിൽ വിശ്വാസപൈതൃകം കാത്തുസൂക്ഷിക്കുന്നതിനെക്കുറിച്ചും തൊഴിലവസരങ്ങൾ നാട്ടിൽ ഒട്ടേറെ ഉള്ളതിനെപ്പറ്റിയും പിതാവ് സൂചിപ്പിച്ചു. വിശ്വാസോത്സവ സ്ഥാപനദിവസം വി. കുർബാനയെത്തുടർന്ന് സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ പൊതുസമ്മേളനം നടന്നു. സൺഡേ സ്കൂളിന്റെ ഫൊറോനാ ഡയറക്ടർ പാണംപറമ്പിലച്ചൻ മുഖ്യഅതിഥി ആയിരുന്നു. 12.30 യോടുകൂടി സ്നേഹവിരുന്നോടുകൂടി വിശ്വാസോത്സവം സമാപിച്ചു. ഈ വർഷത്തെ വിശ്വാസോത്സവത്തിന് പരിമാപ്തി കുറിച്ച് യെല്ലോ ഗ്രൂപ്പ് ഓവറോൾ ട്രോഫി കരസ്ഥമാക്കി.



## അൾത്താരബാലസഖ്യം

പരിശുദ്ധ കുർബാനയിൽ മദ്ബഹാ ശുശ്രൂഷികൾ മാലാഖമാർ കടുത്ത ദൗത്യമാണ് നിർവ്വഹിക്കുന്നത്. സഭയുടെ തിരുപ്പട്ടത്തിന്റെ ക്രമമനുസരിച്ച് മ്ശാനമാരുടെ സ്ഥാനം വഹിക്കുന്ന മദ്ബഹാ ശുശ്രൂ

ഷികൾ തങ്ങളുടെ സ്ഥാനത്തിന്റെ മാഹാത്മ്യം അനുസരിച്ച് ഭക്തി യോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടി മദ്ബഹായിൽ വിശുദ്ധ ശുശ്രൂഷ ചെയ്യുന്നു. അൾത്താരബാല സഖ്യത്തിൽ ഡയറക്ടറായി സേവനം ചെയ്തുകൊണ്ടിരിക്കുന്നത് ബഹുമാനപ്പെട്ട വർഗ്ഗീസ് പുളിക്കപ്പടവിൽ അച്ചന്റെ നേതൃത്വത്തിൽ നമ്മുടെ ഇടവകയിലെ അൾത്താരബാലന്മാർ ഇടവകയിൽ സജീവമായി പ്രവർത്തിച്ചുവരുന്നു.

ഏപ്രിൽ മാസം 27,28,29 തീയതികളിൽ നമ്മുടെ ഇടവകയിൽ നിലവിലുള്ള അൾത്താര ശുശ്രൂഷികൾക്കും പുതിയതായി ചേരാൻ താല്പര്യമുള്ളവർക്കും വേണ്ടിയുള്ള ഒരു ക്യാമ്പ് രാവിലെ 9 മുതൽ 12 വരെ നടത്തുകയും കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഈ മൂന്നു ദിവസം മനോഹരമായി ക്ലാസ്സുകൾ എടുക്കുകയും പുതിയ കുട്ടികളെ അൾത്താര ബാലന്മാരാക്കുവാൻ പരിശീലിപ്പിക്കുകയും ചെയ്തത് ബഹു. ടോണി മണക്കുന്നിൽ ബ്രദർ ആയിരുന്നു. കുട്ടികളുടെ ആത്മീയ ശുശ്രൂഷയ്ക്ക് വ്യക്തവും കൃത്യമായ നിർദ്ദേശങ്ങൾ ലഭിക്കുന്ന വിധത്തിലായിരുന്നു ബ്രദറിന്റെ ക്ലാസ്സുകൾ 30 കുട്ടികൾ ഈ ക്യമ്പിൽ പങ്കെടുക്കുകയും ക്യാമ്പ് വളരെ വിജയപ്രദമായി പൂർത്തിയാക്കുകയും ചെയ്തു. മെയ് 7–ാം തീയതി പുതിയ കുട്ടികളായി പഠിച്ചിറങ്ങിയ അലൻ ആന്റണി, അമൽ, ജോൺ അലൻ വർഗ്ഗീസ്, എബി അലക്സ് എന്നിവർ 10 ന്റെ കുർബാനയ്ക്ക് വളരെ ആഘോഷപൂർവ്വം മദ്ബഹായിൽ ആദ്യമായി ശുശ്രൂഷയ്ക്കായ് കയറി. ഡയറക്ടർ വർഗ്ഗീസ് പുളിക്കപ്പടവിലച്ചൻ അവർക്ക് പ്രത്യേക അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേർന്നു.

## യുവദീപ്തി-എസ്.എം.വൈ.എം.

ഇടവകയിലൂടെ ലോകത്തെ നവീകരിക്കുക എന്ന സന്ദേശവുമായി ഇടവകയിൽ പ്രവർത്തിക്കുന്ന യുവജനപ്രസ്ഥാനമാണ് യുവദീപ്തി എസ്.എം.വൈ.എം. യുവജനങ്ങളുടെ ആത്മീയ വളർച്ചയ്ക്കും വ്യക്തിത്വ വികസനത്തിനും ഏറെ സഹായകമാകുന്ന ഒരു പ്രസ്ഥാനമാണ് യുവദീപിതി എസ്.എം.വൈ.എം. ഇടവകയിൽ നടക്കുന്ന അതിരൂപത, ഫൊറോന പരിപാടികളിൽ യുവജന പ്രസ്ഥാനത്തിന്റെ പങ്കാളിത്തം എടുത്ത് പറയേണ്ട ഒരു കാര്യമാണ്.

കത്തീഡ്രൽ യുവദീപ്തിയുടെ 2023 പ്രവർത്തനവർഷ ഭാരവാഹികൾ:

| | | |
|---|---|---|
| ഡയറക്ടർ | – | ഫാ. ജോജോ പുളിക്കപ്പടവിൽ |
| പ്രസിഡന്റ് | – | ജോയൽ ജോബി |
| | – | ടീന ജോസഫ് |
| കൗൺസിലർ | – | അരുൺ ടോം |
| | – | ബാല ജോർജ്ജ് |
| സെക്രട്ടറി | – | ജിസ്സ് ജിജി |

|  |  |  |
|---|---|---|
|  | - | കാതറിൻ അലക്സ് |
| ട്രഷറർ | - | കെവിൻ മാത്യു |
| ജോയിന്റ് സെക്രട്ടറി | - | ജെനി ഔസേഫ് |
| വൈസ് പ്രസിഡന്റ് | - | റോഹൻ റോയ് |
|  | - | സാമിയ ബെന്നി |

**എക്സിക്യൂട്ടീവ് മെമ്പേഴ്സ്**

സോജോ ബാബു, റ്റിബിൻ ജോസഫ്, ജൂബൽ ജോബി, ജേക്കബ് ജോസഫ്, ആന്റോൺ അലക്സ്, സാന്ദ്രാ ജെയിംസ്, ജോഷ്വാ ജോസ്, അഖിൽ ജോസഫ്, സ്റ്റെഫിൻ സോജി, കെവിൻ തോമസ്.

**അതിരൂപത ബൈബിൾ കൺവൻഷൻ**

ബഹുമാനപ്പെട്ട ഡാനിയേൽ പൂവണ്ണത്തിൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന കൺവൻഷനു വേണ്ട എല്ലാ ഒരുക്കങ്ങൾക്കും നേതൃത്വം കൊടുത്തത് കത്തീഡ്രൽ യുവദീപ്തി അംഗങ്ങാണ്. യുവജനങ്ങളുടെ പ്രവർത്തനത്തേയും സഹകരണത്തേയുംകുറിച്ച് അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവു നന്ദിയോടുകൂടി സംസാരിക്കുകയുണ്ടായി. പരീക്ഷകാലത്തോട് അനുബന്ധിച്ച് കത്തീഡ്രൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ പത്താം ക്ലാസ്സ് മുതൽ മുകളിലോട്ടുള്ള കുട്ടികൾക്കും, യുവജനങ്ങൾക്കുമായി പരീക്ഷ ഒരുക്കധ്യാനം നടത്തുകയുണ്ടായി. മാർച്ച് 5 ഞായറാഴ്ച രാവിലെ 10 മണിയുടെ വിശുദ്ധ കുർബാനയോടുകൂടി ധ്യാനം ആരംഭിക്കുകയുണ്ടായി. കുർബാനയ്ക്കുശേഷം ബഹുമാനപ്പെട്ട ഐബിൻ പകലോമറ്റം അച്ചന്റെ നേതൃത്വത്തിൽ ധ്യാനവും കുമ്പസാരത്തിനുള്ള ഒരുക്കവും നടത്തുകയുണ്ടായി. യുവജനങ്ങൾക്കായുള്ള പ്രത്യേക ആശിർവാദപ്രാർത്ഥനയും ആരാധനയോടുംകൂടിയാണ് പരീക്ഷ ഒരുക്ക ധ്യാനം അവസാനിച്ചത്. ധ്യാനത്തിൽ പങ്കെടുത്ത കുട്ടികൾക്കും യുവജനങ്ങൾക്കും പേനയും കൈകൊന്തയും വെഞ്ചരിച്ചു നൽകുകയുണ്ടായി. ഏകദേശം 225 ഓളം പേർ പരീക്ഷ ഒരുക്കധ്യാനത്തിൽ പങ്കെടുത്തു. ചങ്ങനാശേരി ഫൊറോന യുദീപ്തിയുടെ പ്രവർത്തനവർഷ ഉദ്ഘാടനവും വനിതാ ദിനാചരണവും കത്തീഡ്രൽ യുവദീപ്തിയുടെ ആധിപത്യത്തിൽ നടത്തുകയുണ്ടായി. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സ്ത്രീകളെ സമ്മേളനത്തിൽ വച്ച് ആദരിക്കുകയുണ്ടായി.ഏകദേശം 180 ഓളം യുവജനങ്ങൾ പങ്കെടുക്കുകയുണ്ടായി.



യുവദീപ്തി എസ്.എം.വൈ.എം.-ന്റെ



സ്ഥാപക പിതാവായ അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്കും, നഗരി കാണിക്കലിനും വേണ്ട എല്ലാവിധ സഹായസഹകരണങ്ങളും കത്തീഡ്രൽ യുവദീപ്തിയുടെ യുജനങ്ങൾ അതിരൂപതാ ഫൊറോന യുവദീപ്തി സമതികളോട് ചേർന്ന് നൽകുകയുണ്ടായി. വലിയ നോമ്പിനോട് അനുബന്ധിച്ച് എല്ലാ വെള്ളിയാഴ്ചകളിലും നടക്കുന്ന കുരിശിന്റെ വഴിക്ക് കത്തീഡ്രൽ യുവദീപ്തിയുടെയും ക്വയറിന്റെയും നേതൃത്വത്തിൽ നേർച്ചക്കഞ്ഞി നൽകുകയുണ്ടായി. 40-ാം വെള്ളിയോട് അനുബന്ധിച്ച് കത്തീഡ്രൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ മലയാറ്റൂർ തീർത്ഥാടനം നടത്തുകയുണ്ടായി. 5 ബസ്സുകളിലായി ഏകദേശം 220 പേരോളം തീർത്ഥാടനത്തിൽ പങ്കെടുക്കുകയുണ്ടായി. ഉയിർപ്പ് തിരുനാളിനോട് അനുബന്ധിച്ച് കത്തീഡ്രൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ ഈസ്റ്റർ മുട്ടയും കട്ടൻകാപ്പിയും കൊടുക്കുകയുണ്ടായി. കത്തീഡ്രൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ മെയ് മാസത്തിൽ എല്ലാ യുവജനങ്ങളുടേയും വീട്ടിൽ വച്ച് വൈകുന്നേരം സന്ധ്യാപ്രാർത്ഥന നടത്തിവരുന്നു. വാർഡ് തലത്തിലും കൂട്ടായ്മ തലത്തിലും, യുവജന പ്രസ്ഥാനത്തെ വളർത്തുവാനും ഈ പ്രാർത്ഥന കൂട്ടായ്മ ഏറെ സഹായകമാകുന്നുണ്ട്.

ഈശോയിൽ സ്നേഹപൂർവ്വം,

ജിസ്സ് ജിജി പേരകശ്ശേരി (സെക്രട്ടറി)

## പിതൃവേദി

കത്തീഡ്രൽ ഇടവകയിൽ പ്രവർത്തിക്കുന്ന സംഘടനകളിൽ പിതൃവേദി സംഘടന അഭിമാനകരമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നോമ്പുകാല വെള്ളിയാഴ്ചകളിൽ വൈകുന്നേരത്തെ കുരിശിന്റെ വഴിയും നേർച്ചകഞ്ഞിയും സംഘടനാംഗങ്ങൾ നേതൃത്വം നൽകി. ഓശാന ഞായറാഴ്ച വയോജനദിനമായി ആചരിച്ചു. അന്നേദിവസം 10 മണിക്കുള്ള വ. കുർബാനയിൽ വയോജനങ്ങളെ പങ്കെടുപ്പിക്കുകയും സ്നേഹവിരുന്ന് നൽകുകയും ചെയ്തു. ദുഃഖവെള്ളിയാഴ്ച വൈകുന്നേരം ഗ്രോട്ടോ മൈതാനിയിൽ മാതൃ-പിതൃവേദിയുടെ നേതൃത്വത്തിൽ ദീപകാഴ്ച നടത്തുകയുണ്ടായി. കൂട്ടായ്മ അം

ഗങ്ങളുടെ സഹകരണത്തോടെ 200 ൽ പരം വിളക്കുകൾ കത്തിക്കാൻ സാധിച്ചു.



തൊഴിലാളി മദ്ധ്യസ്ഥൻ വി. യൗസേപ്പ് പിതാവിന്റെ ദിനത്തോടനുബന്ധിച്ച് പതാക ഉയർത്തുകയും ജോസഫ് നാമധാരികളെ ആദരിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

വത്തിക്കാൻ പ്രതിനിധി ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളി സന്ദർശിച്ച അവസരത്തിൽ മാതൃ-പിതൃവേദി അംഗങ്ങൾ സ്വീകരിക്കുകയുണ്ടായി. ചങ്ങനാശേരി ഫൊറോന നടത്തിയ വി. ജിയന്ന പുണ്യവതിയുടെ തിരുനാളാനോടനുബന്ധിച്ച് ഫൊറോന നടത്തിയ 'ജീവൻ ദൈവദാനം' പ്രോലൈഫ് സ്കിറ്റിന് കത്തീഡ്രൽ യൂണിറ്റിൽ സ്വീകരണം നൽകി.

കത്തീഡ്രൽ മാതൃ-പിതൃവേദിയിൽ നിന്ന് അംഗങ്ങൾ പാരീഷ് കൗൺസിൽ അംഗങ്ങളായി പ്രവർത്തിക്കുന്നു. കൈക്കാരൻ ആയി തെരഞ്ഞെടുത്ത ബാബു കളീയ്ക്കലിനും കൗൺസിൽ സെക്രട്ടറി സോണി കരിമറ്റത്തിനും മാതൃ-പിതൃവേദിയുടെ അഭിനന്ദനങ്ങൾ. പിതൃവേദിയുടെ റൂബി ജൂബിലിയുടെ ഭാഗമായി നടത്തുന്ന ജീവകാരുണ്യ പ്രസ്ഥാനമായ 'തണൽ' എന്ന പ്രോഗ്രാമിന്റെ ഭാഗമായി മറ്റം വാർഡിൽ ഒരു കുട്ടിക്ക് 5000 രൂപ വിദ്യാഭ്യാസ സഹായമായും അങ്ങാടി-വോത്തോട് വാർഡിൽ 2 പേർക്ക് 10000 രൂപ ചികിത്സാ സഹായവും നൽകുകയുണ്ടായി. സാമ്പത്തികമായി ഞങ്ങളെ സഹായിക്കുന്നവരും നന്ദി രേഖപ്പെടുത്തുന്നതിനോടൊപ്പം കൂടുതൽ ആളുകളുടെ പങ്കാളിത്തം തണൽ പ്രോഗ്രാമിന് നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ബിനോ പാറക്കടവിൽ**
പ്രസിഡന്റ്

**തോമസുകുട്ടി പി.എ.**
ജോ. സെക്രട്ടറി

## മാതൃവേദി

സഭയോടും ഇടവകയോടും ചേർന്ന് സഭാത്മകമായി പ്രവർത്തനങ്ങൾക്ക് സജീവ പങ്കാളിത്തം നൽകി മുന്നോട്ടു പോകുന്നു. വലിയ നോമ്പിന്റെ ദിവസങ്ങളിൽ അമ്മമാർ ഒന്നുചേർന്ന് എല്ലാ ദിവസവും വിശുദ്ധ ബലിയിൽ പങ്കുചേരുകയും ആദ്ധ്യാത്മിക പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുകയും ചെയ്യുന്നു. നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്കുള്ള പരിശുദ്ധ കുർബാനയിലും കുരിശിന്റെ വഴിയിലും സജീവമായി പങ്കുചേരുകയും വിശ്വാസികൾക്ക് നേർച്ചക്കഞ്ഞി തയാറാക്കി നൽകുകയും ചെയ്യുന്നു. ഓശാന ഞായറാഴ്ച ദിനത്തിൽ വയോജനദിനമായി ആചരിക്കുകയും അന്നേദിവസം



10 മണിക്കുള്ള വിശുദ്ധ കുർബാനയിൽ വയോജനങ്ങളെയും രോഗികളെയും പള്ളിയിൽ എത്തിച്ച് വിശുദ്ധ കുമ്പസാരവും കുർബാനയും നൽകുന്നതിന് ഡയറക്ടർ അച്ചന്റെയും വികാരിയച്ചന്റെയും മറ്റു കൊച്ചച്ചന്മാരുടെയും നേതൃത്വത്തിൽ സംഘടനാ അംഗങ്ങൾ ഒത്തുചേർന്ന് പ്രവർത്തിച്ചു. രോഗികളായുള്ളവർക്ക് വൈദ്യസഹായം നൽകുന്നതിനും ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ അവരുടെ ഭവനങ്ങൾ സന്ദർശിക്കുന്നതിനും സാധിച്ചു. ദുഃഖവെള്ളിയാഴ്ച ദിനത്തിൽഗ്രോട്ടോ മൈതാനിയിൽ മാതൃപിതൃവേദി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ദീപം തെളിക്കുന്നതിനും സാധിച്ചു. വിശുദ്ധ ജീയന്ന പുണ്യവതിയുടെ തിരുനാൾ ദിനത്തിന്റെ സമാപനവേളയിൽ ഫൊറോനാ നടത്തിയ ജീവൻ ദൈവദാനം എന്ന പ്രോലൈഫ് സ്കിറ്റിന് കത്തീഡ്രൽ യൂണിറ്റ് സ്വീകരണം നൽകി. ബഹുമാനപ്പെട്ട ഡയറക്ടർ അച്ചനും, ആനിമേറ്റർ സിസ്റ്ററും യൂണിറ്റ് ശക്തിപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങളും നൽകിവരുന്നു. പിതൃവേദി റൂബി ജൂബിലിയോടനുബന്ധിച്ച് കത്തീഡ്രൽ പിതൃവേദി ഒരുക്കിയിരിക്കുന്ന തണൽ എന്ന പദ്ധതിക്ക് എല്ലാവിധ പിന്തുണയും ഭാഗഭാഗത്വവും നൽകിവരുന്നു. പഞ്ചവത്സരപദ്ധതിയുടെ സമാപനത്തോടനുബന്ധിച്ച് വത്തിക്കാൻ സ്ഥാനാപതി ദൃശ്യാവിഷ്കാരത്തിലും കത്തീഡ്രൽ മാതൃപിതൃവേദി അംഗങ്ങൾ സ്തുത്യർഹമായ പങ്കു വഹിച്ചു. കത്തീഡ്രൽ പള്ളിയിൽ എത്തിയ സ്ഥാനാപതിക്ക് മാതൃവേദി അംഗങ്ങൾ കത്തിച്ച മെഴുകുതിരിയും മുത്തുക്കുടകളുമേന്തി ഊഷ്മളമായ വരവേല്പു നൽകി ഇടവകയുടെ എല്ലാ പ്രവർത്തനങ്ങൾക്കും സംഘടനാ അംഗങ്ങൾ ഇടവക വികാരിയോടും ഡയറക്ടർ അച്ചനോടും മറ്റു സഹവൈദികരോടും ചേർന്നു സജീവമായി പ്രവർത്തിക്കുന്നു. സംഘടനയുടെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രചോദനം നൽകി ഞങ്ങളെ നയിക്കുന്ന ഡയറക്ടർ ജസ്റ്റിൻ തൈക്കളം അച്ചനും ആനിമേറ്റർ സിസ്റ്റർ ആനി ജോർജ്ജ് സി.എം.സി. ക്കും സർവോപരി ദൈവത്തിനും നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട്



സ്നേഹപൂർവം,

| | |
|---|---|
| പ്രസിഡന്റ് | സെക്രട്ടറി |
| **വത്സമ്മ ജയിംസ് ആറുപറയിൽ** | **ലീലാമ്മ സെബാസ്റ്റ്യൻ പടനിലം** |

ട്രഷറർ
**റോസമ്മ ജോസഫ് വലിയവീട്ടിൽ**

## എ.കെ.സി.സി.



കത്തോലിക്ക കോൺഗ്രസ് 105-ാം വാർഷികത്തോടനുബന്ധിച്ച് ധന്യൻ തോമസ് കുര്യാളശ്ശേരി, മാർ ജോസഫ് പവ്വത്തിൽ എന്നിവരുടെ കബറിട ത്തിൽനിന്നും ആരംഭിച്ച ദീപശിഖാ പ്രയാണത്തിന് കത്തോലിക്ക കോൺ ഗ്രസ് ചങ്ങനാശേരി ഫൊറോന സമിതിയുടെയും കത്തീഡ്രൽ ഇടവകയു ടെയും നേതൃത്വത്തിൽ സ്വീകരണം നൽകി. ഫൊറോനാ ഡയറക്ടർ ഫാ. ലിപിൻ തുണ്ടുകളം, ഫൊറോനാ പ്രസിഡന്റ് സൈബി അക്കര, കത്തീഡ്രൽ ശാഖ പ്രസിഡന്റ് ടോമിച്ചൻ അയ്യരുകുളങ്ങര, കെ.എസ്. ആന്റണി, ബാബു വള്ളപ്പുര, ടോം കായിത്തറ, ജോസി കല്ലുകളം, സജീവ് ജോസഫ്, ഫ്രാൻ സിസ് പാണ്ടിശേരി, കുഞ്ഞുമോൻ തൂമ്പുങ്കൽ, ഔസേപ്പച്ചൻ ചെറുകാട് തുടങ്ങിയവർ നേതൃത്വം നൽകി.

കത്തോലിക്ക കോൺഗ്രസ് വാർഷികത്തോടനുബന്ധിച്ച് കത്തീഡ്രൽ കബറിടപള്ളിയിൽ നിന്നും ആരംഭിച്ച ദീപശിഖാ പ്രയാണത്തെ ചങ്ങനാ ശേരി പോറോന സമിതിയുടെ നേതൃത്വത്തിൽ സ്വീകരിച്ച് ആനയിക്കുന്നു.

### ക്രൈസ്തവർക്ക് നേരെ നടക്കുന്ന അക്രമണങ്ങളിൽ പ്രതിഷേധിച്ച് ധർണ്ണ

മദ്ധ്യപ്രദേശിലും മണിപ്പൂരിലും മറ്റ് വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളി ലും ക്രൈസ്തവർക്കും അവരുടെ ആരാധനാലയങ്ങൾക്കും ആതുരസ്ഥാ പനങ്ങൾക്കും നേരെ തുടർച്ചയായി നടക്കുന്ന അക്രമണങ്ങളിൽ പ്രതിഷേ ധം രേഖപ്പെടുത്തി. ക്രൈസ്തവ സന്യാസിനി സമൂഹത്തെ അവഹേളിച്ച് ആവിഷ്കരിച്ചിരിക്കുന്ന കക്കുകളി എന്ന നാടകം സംസ്ഥാന സർക്കാർ സമ്പൂർണ്ണമായി നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും കത്തോലിക്ക കോൺഗ്രസ് ചങ്ങനാശേരി ഫൊറോന സമിതിയുടെ നേതൃത്വത്തിൽ പ്രതി ഷേധ ധർണ്ണ നടത്തി. പ്രതിഷേധ ധർണയുടെ ഉദ്ഘാടനം ഡയറക്ടർ ഫാ. ലിപിൻതുണ്ടുകളം നിർവഹിച്ചു. ഫൊറോനാ പ്രസിഡണ്ട് സൈബി അക്കര അദ്ധ്യക്ഷത വഹിച്ചു. തോമസുകുട്ടി മണകുന്നേൽ, കെ.എസ്. ആന്റണി, ബാബു വള്ളപ്പുര, ടോമിച്ചൻ അയ്യരുകുളങ്ങര, ടോം കായിത്തറ, ജോസി കല്ലുകളം, ലിസ്സി ജോസ്, തങ്കച്ചൻ പുല്ലുകാട്ട്, റോഷൻ ചെന്നിക്കര, ഫ്രാൻ സിസ് പാണ്ടിശേരി, ജോയിച്ചൻ പീലിയാനിക്കൽ, കുഞ്ഞുമോൻ തൂമ്പുങ്കൽ, വിന്നി കല്ലൂർക്കളം, ജോൺസൻ കൊച്ചുതറ, സജീവ് ജോസഫ്, അജയ്

ജോസഫ്, തോമസ് കല്ലുകളം, മേരിക്കുട്ടി ജെയിംസ്, തങ്കമ്മ തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

പ്രസിഡന്റ് സെക്രട്ടറി
**റ്റോമിച്ചൻ അയ്യരുകുളങ്ങര** **ജോസി കല്ലുകളംട്രഷറർ**

ട്രഷറർ
**കുഞ്ഞുമോൻ തൂമ്പുങ്കൽ**

## കുടുംബകൂട്ടായ്മ-ബൈബിൾ അപ്പസ്തോലേറ്റ്

സഭയിലെ എല്ലാ അജപാലന പ്രവർത്തനങ്ങളുടെയും ഘടനകളുടെയും ആത്യന്തിക ലക്ഷ്യം ദൈവജനം വിശുദ്ധിയുള്ള ഒരു സ്നേഹക്കൂട്ടായ്മയാകുക എന്നതാണ്. ദൈവസ്നേഹവും മനുഷ്യസ്നേഹവും നിറഞ്ഞ ഒരു കുടുംബാന്തരീക്ഷം സൃഷ്ടിക്കാൻ കുടുംബകൂട്ടായ്മകൾക്ക് കഴിയും. ഏതൊരു ഇടവകയുടെയും പ്രധാന ഘടകങ്ങളാണ് കുടുംബകൂട്ടായ്മകൾ. നമ്മുടെ ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും കുടുംബകൂട്ടായ്മകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

നമ്മുടെ ഇടവകയിലെ 75 കൂട്ടായ്മകളെ 10 വാർഡുകളായി തിരിച്ചിരിക്കുന്നു. കത്തീഡ്രൽ വാർഡ്, അങ്ങാടി-ചേത്തോട് വാർഡ്, പാസ്റ്ററൽ സെന്റർ വാർഡ് എന്നീ വാർഡുകളും ഡയറക്ടർ റവ. ഫാ. ലിബിൻ തുണ്ടുകുളം, വെജിറ്റബിൾ മാർക്കറ്റ്, വാർഡ്, ഫിഷ് മാർക്കറ്റ് വാർഡ്, മറ്റം-പൂവക്കാട്ടുച്ചിറ വാർഡ്, ഗദ്സമനി വാർഡ്, വാഴപ്പള്ളി വാർഡ് എന്നീ വാർഡുകളുടെ ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ തൈക്കളം, കാക്കാംതോട്-വണ്ടിപ്പേട്ട-മഞ്ചാടിക്കര വാർഡ്, അസംപ്ഷൻ വാർഡ് എന്നീ വാർഡുകളുടെ ഡയറക്ടറായി റവ. ഫാ. റ്റോജോ പുളിക്കപ്പടവിലും ശുശ്രൂഷ ചെയ്യുന്നു.

കാലം ചെയ്ത അഭിവന്ദ്യ മാർ ജോസഫ് പൗവത്തിൽ പിതാവിന്റെ ഭൗതികശരീരം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര, പൊതുദർശനം, നഗരികാണിക്കൽ എല്ലാം തികഞ്ഞ ശാന്തതയോടെ നിയന്ത്രിച്ച കൂട്ടായ്മകളുടെ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണ്.

ദൈവാനുഗ്രഹപ്രദമായും വിജയകരമായും വലിയ ഒരു ആത്മീയ ഉണർവ് നൽകിയ ചങ്ങനാശേരി അതിരൂപതാ ബൈബിൾ കൺവൻഷന്റെ



നടത്തിപ്പിന്റെ എല്ലാ മേഖലയിലും നമ്മുടെ കൂട്ടായ്മാംഗങ്ങൾ നൽകിയ പങ്ക് വളരെ വലുതാണ്.

ഇടവകയിലെ ഭവനങ്ങളും സന്ദർശിക്കുക എന്ന ലക്ഷ്യത്തോടെ നമ്മുടെ പെരിയ ബഹുമാനപ്പെട്ട വികാരി കൊച്ചുപറമ്പിൽ ജോസച്ചന്റെ പാസ്റ്ററൽ വിസിറ്റ് 14 കൂട്ടായ്മകൾ പൂർത്തീകരിച്ചിരിക്കണം. അതുപോലെ ബഹു. വൈദികരുടെ വീട് വെഞ്ചിരിപ്പും നടന്നുകൊണ്ടിരിക്കുന്നു. ആദ്യവെള്ളി യാഴ്ചകളിൽ കിടപ്പുരോഗികൾക്കും മറ്റും ഭവനങ്ങൾ വിശുദ്ധ കുർബാന എത്തിക്കുന്നതിന് വൈദികരോടൊപ്പം കൂട്ടായ്മ ലീഡേഴ്സിന്റെ ആത്മാർത്ഥമായ ശുശ്രൂഷ പ്രത്യേകം എടുത്തുപറയേണ്ടതാണ്.

നമ്മുടെ ഇടവകയിലെ നൂറുമേനി വചന പഠന മത്സരത്തിൽ പങ്കെടുത്തവർ എല്ലാവരും തന്നെ നന്നായി പഠിച്ചാണ് പങ്കെടുത്തത് എന്നത് അറിയിക്കുകയും, പ്രത്യേക അഭിന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു. ചങ്ങനാശേരി അതിരൂപതയിലെ 18 ഫൊറോനകളിൽ നൂറുമേനി വചനപഠന മത്സരം നടന്നപ്പോൾ, നമ്മുടെ ഫൊറോനയിൽ നടന്ന മത്സരത്തിൽ നമ്മുടെ ഇടവകയിൽ നിന്നും 11 പേർ പങ്കെടുത്തു. അതിൽ ബേബി മാത്യു-കണ്ണാടി തുണ്ടിയിൽ, ഷീബാ, മേഴ്സി മാനുവൽ എന്നിവർ 248 മാർക്ക് വീതം നേടി. ഇ.ജെ. മാത്യു ഇറ്റോലിൽ (229), ഫിലോമിന ജോർജ്ജ് കണ്ടങ്കരിയിൽ (165), ബീനാ തോമസ് അയ്യരുകുളങ്ങര (161), കവിത സജയ് പണിക്കശേരി (92), ഏബൽ മറിയം ജോർജ്ജ് മാളിയേക്കൽ (64), ജ്ഞാനമ്മ ലാലൻ മാറാട്ടുകളം (46), മനോജ് ജോർജ്ജ് കണ്ടങ്കരി (45)

2023-26 വർഷത്തെ കൂട്ടായ്മ ലീഡർമാരുടേയും മീറ്റിംഗും പ്രവർത്തന ഉദ്ഘാടനവും ജൂൺ മാസത്തിൽ നടക്കും. ഇടവകയിൽ നിന്ന് നൂറുമേനി വാനപഠന മത്സരത്തിലെ വിജയികൾക്കും പങ്കെടുക്കുന്നവർക്കുമുള്ള സ്ഥാനാവതരണം പ്രവർത്തനോദ്ഘാടനത്തോടനുബന്ധിച്ച് അവാർഡുകൾ നൽകുന്നതാണ്.

മിശിഹായുടെ ശരീരമായ സഭയായി നമ്മൾ വളർന്ന്, ഒരു സ്നേഹകൂട്ടായ്മയായി ഇടവകയുടെ എല്ലാ പ്രവർത്തനങ്ങൾക്കും നമുക്ക് ആത്മാർത്ഥമായി പങ്കുചേരാം.

**ജോബി തൂമ്പുങ്കൽ**
(ജനറൽ കൺവീനർ-കുടുംബകൂട്ടായ്മ)

## മദ്യവിരുദ്ധ സമിതി

കക്കുകളി നാടകത്തിനെതിരെയും മണിപ്പൂരിൽ നടന്ന ക്രൈസ്തവർക്കെതിരെയും പള്ളിക്കും മിഷനറിമാർക്കെതിരെയും നടത്തിയ ആക്രമണത്തിനെതിരെ ഡയറക്ടർ വർഗ്ഗീസ് പുളിക്കപ്പടവിൽ അച്ചന്റെ നേതൃത്വത്തിൽ പ്രതിഷേധ ധർണ്ണ നടത്തി. കുര്യാളശ്ശേരി പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് എല്ലാ പരിപാടികൾക്കും മദ്യവിരുദ്ധ സമിതിയുടെ പ്രസിഡന്റ് ബിജു കൊച്ചുപുരയ്ക്കൽ നേതൃത്വം നൽകി. ഏപ്രിൽ മാസത്തെ കൂട്ടായ്മ ജോസഫ് പഞ്ഞിപ്പുഴയുടെ ഭവനത്തിലും മെയ് മാസത്തെ കൂട്ടായ്മ

തങ്കച്ചൻ പുത്തൻപുരക്കലിന്റെ ഭവനത്തിലും ജൂൺമാസത്തിലെ കൂട്ടായ്മ ജോസി കല്ലുകളത്തിന്റെ ഭവനത്തിലും നടത്തി. ഈ കൂട്ടായ്മക്കു നേതൃത്വം നൽകുന്നത്. ഫാ. വർഗ്ഗീസ് പുളിക്കപ്പടവിൽ, ബ്രദർ വർഗ്ഗീസ് മാവേലിക്കര, ബ്രദർ പ്രിൻസ് പോരുവഴി, ബ്രദർ പോൾസൺ അതിരമ്പുഴ, ബ്രദർ അജി ജോസഫ് കരുവാറ്റ. ജൂൺമാസത്തെ വേളാങ്കണ്ണി ട്രിപ്പ് ജൂൺ 25-ാം തീയതി നടത്തുകയാണ്. ഈ ട്രിപ്പിനു നേതൃത്വം നൽകുന്നത് ബ്രദർ വർഗ്ഗീസ് മാവേലിക്കര, ബ്ര. ജയിംസ് ചെട്ടിക്കാട് എന്നിവരാണ്. പ്രസിഡന്റ് ബിജു കൊച്ചുപുരയ്ക്കൽ, ജോസി കല്ലുകളം, ബിന്നിച്ചൻ ചക്കുപുരയ്ക്കൽ, തങ്കച്ചൻ പുത്തൻപുരയ്ക്കൽ, ബെന്നി പുതുപ്പറമ്പ്, ജോസഫ് പഞ്ഞിപ്പുഴ, ലിസ്സമ്മ റ്റോമി പുല്ലുകാട്, മേരിക്കുട്ടി പാറക്കടവിൽ എന്നിവർ ഈ സംഘടനയ്ക്ക് സജീവ നേതൃത്വം നൽകുന്നു.

പ്രസിഡന്റ് — **ബിജു കൊച്ചുപുരയ്ക്കൽ**

സെക്രട്ടറി — **ജോസി കല്ലുകളം**

ട്രഷറർ — **തങ്കച്ചൻ പുത്തൻപുരയ്ക്കൽ**

## 2023 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ നമ്മുടെ ഇടവകയിൽ ചെയ്തിരിക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ.

| | |
|---|---|
| വൈദ്യസഹായം | - 1,08,750/ |
| ഭവനനിർമ്മാണം | - 58,695/ |
| **ആകെ** | **- 1,67,445/** |

# ജലത്താലും ആത്മാവിനാലും

| | | |
|---|---|---|
| 1. | ശാന്തിനികേതൻ രാജൻ-സവിത മകൾ എലീസ | 30.3.2023 |
| 2. | ഇടശ്ശേരിപറമ്പിൽ അനീഷ്-കവിത മകൻ മാത്യു | 08.4.2023 |
| 3. | നെടിയകാലാപറമ്പിൽ ജിത്തു-മെലീസ മകൻ തോമസ് | 30.4.2023 |
| 4. | പ്ലാപറമ്പിൽ ബൈജി-ജൂബി മകൻ തോമസ് | 04.3.2023 |
| 5. | വട്ടപ്പറമ്പിൽ അനൂപ്-സൗമ്യ മകൻ അന്ന | 14.05.2023 |
| 6. | തുണ്ടിപ്പറമ്പിൽ തോമസ്-മരിയ മകൻ മാത്യു | 21.05.2023 |
| 7. | മണക്കളം ബ്യൂണി-കാതറിൻ മകൻ മൈക്കിൾ | 15.04.2023 |
| 8. | മുതിരപ്പറമ്പിൽ ആനന്ദ്-ഫ്ലോന മകൾ ട്രീസ | 23.04.2023 |
| 9. | കടന്തോട് റോബിൻ-നാൻസി മകൻ മാത്യു | 30.04.2023 |

# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക പെരുമ്പറയിൽ ചെറിയാൻ-ലൈസാമ്മ മകൻ ജോണും മാമ്മൂട് ഇടവക ആശാരിപറമ്പിൽ ജോസുകുട്ടി-സിന്ധു മകൾ മേരിയും തമ്മിലുള്ള വിവാഹം - 10.04.2023
2. ഈ ഇടവക ചമ്പക്കുളം ജോർജ്ജ്-ഏലമ്മ മകൻ ബൈജുവും ഫാത്തിമാപുരം ഇടവക വെട്ടുകുഴിയിൽ സെബാസ്റ്റ്യൻ-ജോജി മകൾ റോസയും തമ്മിലുള്ള വിവാഹം - 26.04.2023
3. ഈ ഇടവക കടന്തോട് സിബി-പ്രേമ മകൻ ആന്റണിയും മുണ്ടക്കയം ഇടവക കോയിപ്പുറത്ത് സാജൻ-റാണി മകൾ മരിയയും തമ്മിലുള്ള വിവാഹം - 02.05.2023
4. ഈ ഇടവക കണ്ടത്തിപ്പറമ്പിൽ ദേവസ്യ-റോസി മകൻ ഫ്രാൻസിസും മംഗലം ഇടവക തയ്യിൽ ജോൺ ആഗ്നസ് മകൾ ഷെറിനും തമ്മിലുള്ള വിവാഹം - 11.05.2023
5. ഈ ഇടവക നെടിയകാലാപറമ്പിൽ ജോർജ്ജ്-ലിസി മകൻ വർഗീസും വെരൂർ ഇടവക നിരയത്ത് ജോസഫ് കുഞ്ഞുമോൻ മകൾ ട്രീസായും തമ്മിലുള്ള വിവാഹം - 14.05.2023

# ഉത്ഥിതനോടൊപ്പം

| | | |
|---|---|---|
| 1. | വലിയവീട്ടിൽ അലക്സാണ്ടർ വി.എ (59) | 04.04.2023 |
| 2. | അക്കര ലൂസമ്മ സണ്ണി (78) | 09.04.2023 |
| 3. | ചക്കുപുരയ്ക്കൽ ജോസ് എബ്രഹാം (82) | 14.04.2023 |
| 4. | പാലക്കളം തോമസ് ജോസഫ് (76) | 14.04.2023 |
| 5. | തോപ്പിൽ മാത്തുക്കുട്ടി ജോസഫ് (83) | 04.04.2023 |
| 6. | ചിറവാലയിൽ ജോസഫ് ജോസഫ് (73) | 20.04.2023 |
| 7. | കൊല്ലവന ജോസഫ് ദേവസ്യ (49) | 20.04.2023 |
| 8. | വാണിയപ്പുരയ്ക്കൽ ഈത്തമ്മ മാത്യു (82) | 24.04.2023 |
| 9. | കൊടുപ്പുന പോളയ്ക്കൽ ഏലിക്കുട്ടി ആന്റണി (76) | 25.04.2023 |
| 10. | നല്ലൂപ്പറമ്പിൽ അന്ന ജോൺ (90) | 29.04.2023 |
| 11. | കൊച്ചുപറമ്പിൽ ഏലിയാമ്മ ആന്റണി (98) | 30.04.2023 |
| 12. | കണ്ടത്തിപ്പറമ്പിൽ ക്ലാരമ്മ എബ്രഹാം (84) | 05.05.2023 |
| 13. | വട്ടപ്പറമ്പ് ബെന്നി വർഗീസ് (60) | 12.05.2023 |

# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി


## ക്വിസ് കോർണർ

**നിബന്ധനകൾ:** ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാം. കുടുംബാംഗങ്ങൾ ഒന്നിച്ചോ വ്യക്തിപരമായോ ഉത്തരങ്ങൾ കണ്ടെത്തി സമർപ്പിക്കാവുന്നതാണ്. ഒരു കുടുംബത്തിൽ നിന്ന് ഒരാളേ സമർപ്പിക്കാവൂ. ഉത്തരം സമർപ്പിക്കുമ്പോൾ കുടുംബനാഥന്റെ പേര്, വീട്ടുപേര്, കൂട്ടായ്മ എന്നിവ എഴുതി ഓഫീസിൽ എത്തിക്കുക. എല്ലാ ഉത്തരങ്ങളും ശരിയാക്കുന്നവരുടെ പേരുകൾ നറുക്കിട്ട് മൂന്നുപേർക്ക് സമ്മാനങ്ങൾ നല്കുന്നതാണ്. ക്വിസ് മത്സരത്തിൽ പങ്കെടുക്കുന്നവർ 2023 ജൂൺ 30നുമുമ്പായി ഉത്തരങ്ങൾ പള്ളി ഓഫീസിൽ എത്തിക്കേണ്ടതാണ്.

| ഒന്നാം സമ്മാനം | രണ്ടാം സമ്മാനം | മൂന്നാം സമ്മാനം |
|---|---|---|
| ₹1000 | ₹750 | ₹500 |

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ധന്യൻ മാർ തോമസ് കുര്യാളശേരി ഭവൻ – വികാസ്**

1. ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ആദർശവാക്യം
2. ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ജന്മദേശം
3. കത്തോലിക്കാ യുവജനസമാജം എന്ന സംഘടനയുടെ സ്ഥാപക പിതാവ്
4. വിശ്വാസപരിശീലനത്തിനായി കുര്യാളശ്ശേരിപിതാവ് രൂപംകൊടുത്ത സംഘടനയുടെ പേര്
5. മിശിഹായുടെ ജ്ഞാനത്തോട്ടത്തിലെ വേലക്കാരനെന്ന് കുര്യാളശ്ശേരി പിതാവ് വിശേഷിപ്പിക്കുന്നത് ആരെ?
6. തന്റെ അജഗണങ്ങളിൽ വളർന്നുവരണമെന്ന് പിതാവ് ആഗ്രഹിച്ച സുകൃതം
7. കുര്യാളശ്ശേരി പിതാവ് ജനിച്ച വർഷം, മാസം, തീയതി
8. ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവ് റോമിൽ പഠിച്ചിരുന്ന കാലത്ത് ഗുരുഭൂതരായ വൈദികരും സഹപാഠികളും അദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നത് ഏതൊക്കെ നാമത്തിലാണ്?
9. ഒരു ശരീരത്തിന് ഹൃദയമെങ്ങനെയോ ഒരു തോട്ടത്തിന് ജലാശയമെങ്ങനെയോ അതുപോലെ ഇത് മിശിഹായുടെ വിശുദ്ധ സഭയിൽ സ്ഥിതി ചെയ്യുന്നു. ഇവിടെ 'ഇത്' എന്ന് പിതാവ് തന്റെ ഇടയലേഖനത്തിൽ സൂചിപ്പിക്കുന്നത് എന്തിനെയാണ്?
10. ''ലോകത്തിൽ ഉണ്ടായിരുന്ന തനിക്കുള്ളവരെ (താൻ) സ്നേഹിച്ചിട്ട് അവസാനത്തോളം അവരെ സ്നേഹിച്ചു'' (Jn.13:1) കുര്യാളശ്ശേരി പിതാവ് തന്റെ ഏത് ഇടയലേഖനത്തിൽ എത്ര തവണ ഈ ബൈബിൾ വാക്യം ആവർത്തിക്കുന്നു?
11. കുര്യാളശ്ശേരി പിതാവ് സ്ഥാപിച്ച സന്യാസിനി സമൂഹത്തിന്റെ ഔദ്യോഗിക പേര്?
12. കുര്യാളശ്ശേരി പിതാവ് 'ധന്യൻ' എന്ന പദവിയിലേക്ക് ഉയർത്തപ്പെട്ട വർഷം, മാസം, തീയതി
13. കുര്യാളശ്ശേരി പിതാവ് ചങ്ങനാശ്ശേരിയുടെ പ്രഥമമെത്രാനായ വർഷം ഏത്?
14. വൈദികരുടെ ന്യായമായ ചെലവുകഴിച്ചശേഷമുള്ള സമ്പാദ്യം ദരിദ്രരുടെ അവകാശമാകുന്നു. ക്രിസോസ്തം പിതാവിന്റെ ഈ വാക്യം കുര്യാളശ്ശേരി പിതാവ് തന്റെ എത്രാമത്തെ നമ്പർ ലേഖനത്തിലാണ് പരാമർശിച്ചിരിക്കുന്നത്?
15. ഭാരതത്തിലെ വത്തിക്കാൻ പ്രതിനിധി





Mary Rani School was started in 1993 by the Adoration Sisters. This is an un-aided English Medium School which follows the CBSE Curriculum.

## WHAT MAKES US DIFFERENT

Technology enabled classrooms
Guidance & Councelling Cell
Well experienced & Dedicated staff
Career Oriented Programmes
Modernized computer & science labs
Excellent coaching in Basketball, Football, Cricket & Badminton
Hostel for Boys & Girls

## COURSES OFEERED (PLUS ONE)

PCMB (Eng, Phy, Che, Maths, Bio)
PCMC (Eng, Phy, Che, Maths, Comp)
Comm/IP (English, Accountancy, Business S,Eco, IP )
Comm/Maths (Eng, Accountancy, Business S, Eco, Maths)
Bio/Mal (Eng, Phy, Che, Mal, Bio)
Bio/Comp (Eng, Phy, Che, Mal, Comp)
Bio/Hindi (English,Physics, Chemistry, Hindi, Biology )
Bio/ Physical Education (English, Physics, Chemistry, Physical Education, Biology)



## MARY RANI PUBLIC SCHOOL & JUNIOR COLLEGE

(Affiliated to CBSE, New Delhi, Affiliation No. 930377)
Laikad, Perunna P.O, Changanassery. Ph:0481-2400699
Email : maryranischool@yahoo.co.in Website:www.maryranipublicschool.edu.in

"Love, Sacrifice,Service"

# സ്നേഹസ്മരണയ്ക്ക്



## കെ.പി. അന്തോനിച്ചൻ


കരിങ്ങട

ചങ്ങനാശ്ശേരി

# പാവന സ്മരണയ്ക്ക്

| | | |
|---|---|---|
| വേർപാടിന്റെ 18–ാം വർഷം | വേർപാടിന്റെ 20–ാം വർഷം | വേർപാടിന്റെ 45–ാം വർഷം |
| 26.12.2023 | 05.09.2023 | 04.01.2023 |





| | | |
|---|---|---|
| **റ്റി.ഐ. കുര്യൻ** | **ത്രേസ്യാമ്മ കുര്യൻ** | **തോമസ് കുര്യൻ** |
| (ഏഴൻ കുര്യച്ചൻ) | (കുഞ്ഞമ്മ) | (തോമാച്ചൻ) |

**തൂമ്പുങ്കൽ – മഞ്ചാടിക്കര – ചങ്ങനാശ്ശേരി**

| | | |
|---|---|---|
| **തോമാച്ചൻ ട്രേഡിംഗ് കമ്പനി** | **തോമാച്ചൻ ട്രേഡിംഗ് കമ്പനി** | **ടോംസ് ജൂവലേഴ്സ്** |
| കോഴഞ്ചേരി | ചങ്ങനാശേരി | കവല, മാർക്കറ്റ് റോഡ്, ചങ്ങനാശേരി |






BETTER HOMES
Real Estate & Builders
Listen better. Plan better. Build better.

FOR PLOTS & VILLAS AT MAMMOOD, CHANGANACHERRY

Bldg No.12, Municipal Complex
Opp: IDBI Bank, Changanacherry.
**+91 98950 38284, +91 9747972023**
betterhomesbuilder@gmail.com